പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 197

# 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 197

# 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ

633/2008.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 197

# 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ

1986-ലെ കേരള ജലവിതരണവും അഴുക്കുചാലുകളും സംബന്ധിച്ച ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊമ്പതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008, ജനുവരി 29-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്റ്റിന്റെ (1986-ലെ 14) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (vii)-ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(vii) "ഗാർഹിക മലിനജലം" എന്നാൽ ഏതെങ്കിലും വീട്ടിൽ നിന്നോ അല്ലെങ്കിൽ താമസസ്ഥലത്തുനിന്നോ ഉള്ള ജലപാനം, കുളി, വ്യതസ്നാനം, അലക്ക്, പാചകം എന്നിവപോലെ വ്യക്തിപരവും സാധാരണവുമായ മാനുഷിക പ്രവർത്തനങ്ങൾ കാരണമായി ഉണ്ടാകുന്നതുമായ മലിനജലം എന്നർത്ഥമാകുന്നു;"

"(ii) (x)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(xഎ) "ലൈസൻസുള്ള പ്ലംബർ" എന്നാൽ 43-ഉം 47ബി-യും വകുപ്പുകൾക്കു കീഴിൽ ഏതെങ്കിലും വാട്ടർ കണക്ഷനോ അല്ലെങ്കിൽ ഗാർഹിക അല്ലെങ്കിൽ ഗാർഹികേതര അഴുക്കുചാൽ അധികാരസ്ഥാനത്തിന്റെ അഴുക്കുചാലുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച പണികൾ ചെയ്യുന്നതിനുവേണ്ടി അധികാരസ്ഥാനം നൽകിയിട്ടുള്ള ലൈസൻസുള്ള ഒരു പ്ലംബർ എന്നർത്ഥമാകുന്നു ;"

(iii) (xv)-ാം ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ട താണ്, അതായത്:—

"(xvഎ) ഗാർഹികേതര മലിനജലം എന്നാൽ, ഗാർഹിക മലിനജലം അല്ലാത്ത ഓവുവെള്ളവും വ്യാവസായിക ഓവുവെള്ളം ഉൾപ്പെടെയും" എന്ന് അർത്ഥമാകുന്നു;"

(iv) (xxxvi)-ാം ഖണ്ഡത്തിൽ "പായ്ക്ക് ചെയ്ത ജലം, മിനറൽ വാട്ടർ, എയ്റേറ്റഡ് വാട്ടർ അല്ലെങ്കിൽ മറ്റേതെങ്കിലും സംസ്കരിച്ച ജലം അല്ലെങ്കിൽ ജലവിതരണത്തിന് ആവശ്യമായ സാധനങ്ങളോ സാമഗ്രികളോ ഉൽപ്പാദിപ്പിക്കുന്നതിനും, വിപണനം നടത്തുന്നതിനും, ശേഖരിക്കുന്നതിനും വേണ്ടിയുള്ള യൂണിറ്റുകളും" എന്ന വാക്കുകൾ അവസാന ഭാഗത്ത് ചേർക്കേണ്ടതാണ്.

3. <u>4-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ,—

(i) (സി) ഖണ്ഡത്തിനുപകരം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) ജലവിഭവവകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി, എക്സ് ഒഫീഷ്യോ ;"

(ii) (ഇ) ഖണ്ഡത്തിനുപകരം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി, എക്സ് ഒഫീഷ്യോ ;"

(iii) (എഫ്) ഖണ്ഡത്തിനുപകരം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഫ്) തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി, എക്സ് ഒഫീഷ്യോ ;"

4. <u>14-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ,—

(i) (x)-ാം ഖണ്ഡത്തിൽ, അവസാന ഭാഗത്തുള്ള "ഉം" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

(ii) (x)-ാം ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡങ്ങൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(xഎ) പായ്ക്ക് ചെയ്ത ജലം, മിനറൽ വാട്ടർ, എയിറേറ്റഡ് വാട്ടർ അല്ലെങ്കിൽ മറ്റേതെങ്കിലും സംസ്കരിച്ച ജലവും, ജലവിതരണത്തിനും അഴുക്കുചാൽ നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങളോ സാമഗ്രികളോ ഉത്പാദിപ്പിക്കുന്നതിനും വിപണനത്തിനും വേണ്ടി വ്യവസ്ഥ ചെയ്യൽ ;

(xബി) അധികാരസ്ഥാനത്തിന്റെ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്ക് അനുബന്ധമായോ ആകസ്മികമായോ പരിണിതഫലമായോ ആയ ഏതെങ്കിലും മറ്റുകാര്യങ്ങൾ; കൂടാതെ"

5. 15-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ, (viii)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(viiiഎ) അധികാരസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന സാധനങ്ങൾ അല്ലെങ്കിൽ സാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും പൊതുമേഖല സ്ഥാപനങ്ങളിൽ അല്ലെങ്കിൽ കമ്പനികളിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ഫണ്ടുകൾ നിക്ഷേപം നടത്തുക".

6. 15 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"15 എ പായ്ക്ക് ചെയ്ത ജലം, മിനറൽ വാട്ടർ മുതലായവയുടെ ഉല്പാദനവും, വിപണനവും.—ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടുന്ന അങ്ങനെയുള്ള രീതിയിൽ, പായ്ക്ക് ചെയ്ത ജലം, മിനറൽ വാട്ടർ, എയിറേറ്റഡ് വാട്ടർ അല്ലെങ്കിൽ മറ്റേതെങ്കിലും സംസ്കരിച്ച ജലവും, ജലവിതരണത്തിനും അഴുക്കുചാൽ നിർമ്മിക്കുന്നതിന് ആവശ്യമായ സാധനങ്ങളും സാമഗ്രികളും ഉൽപ്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും വില്പനയ്ക്കും അധികാരസ്ഥാനത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്."

7. 33-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 33-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"33 മീറ്റർ വാടക.—അധികാരസ്ഥാനം നൽകിയ മീറ്ററുകൾക്ക്, റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടുന്ന അങ്ങനെയുള്ള നിരക്കുകളിൽ മീറ്റർ വാടക അധികാരസ്ഥാനത്തിന് ചുമത്താവുന്നതാണ്."

8. 38-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 38-ാം വകുപ്പിൽ, (i) (1)-ഉം, (2)-ഉം, (3)-ഉം, ഉപവകുപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(i) ഏതെങ്കിലും കെട്ടിടപരിസരത്തിന്റെ ഉടമസ്ഥനോ അല്ലെങ്കിൽ ഉടമസ്ഥൻ എഴുതി നൽകിയ സമ്മതത്തിൻമേൽ താമസക്കാരനോ അധികാരസ്ഥാനത്തിന് നൽകിയ അപേക്ഷയിന്മേൽ, റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടുന്ന, അങ്ങനെയുള്ള നിബന്ധനകളിലും ഉപാധികളിലും അധികാരസ്ഥാനം ഗാർഹിക ആവശ്യങ്ങൾക്കായി ജലവിതരണം അനുവദിക്കേണ്ടതാണ്.

(ii) (4)-ഉം, (5)-ഉം, (6)-ഉം, ഉപവകുപ്പുകളെ (2)-ഉം, (3)-ഉം, (4)-ഉം, ഉപവകുപ്പുകളായി, യഥാക്രമം പുനരക്കമിടേണ്ടതാണ്.

(iii) അപ്രകാരം പുനരക്കമിട്ട (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(5) ഏതെങ്കിലും കണക്ഷനോ അല്ലെങ്കിൽ അതിന്റെ ഭാഗത്തിനുവരുന്ന ചെലവ് അപേക്ഷകൻ വഹിച്ചിരുന്നാൽപ്പോലും മീറ്റർ പോയിന്റ് വരെയുള്ള പൈപ്പ് ലൈനിന്മേലുള്ള ഉടമാവകാശവും നിയന്ത്രണവും അധികാരസ്ഥാനത്തിൽ നിക്ഷിപ്തമായിരിക്കുന്നതാണ്".

9. 38 എ, 38 ബി എന്നീ പുതിയ വകുപ്പുകൾ കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 38-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പുകൾ, കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"38 എ. ഫ്ളാറ്റുകൾക്കും ബഹുനിലകെട്ടിടങ്ങൾക്കുമുള്ള ജലവിതരണം:—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (2)-ാം ഉപവകുപ്പിന് വിധേയമായി, അധികാരസ്ഥാനത്തിന്, ജലസംഭരണികൾ, ടാങ്കുകൾ, കുളങ്ങൾ, തറനിരപ്പിലുള്ള ജലസംഭരണികളും മുഖേന ബഹുനിലകെട്ടിടങ്ങൾക്കും ഫ്ളാറ്റുപോലെയുള്ള കെട്ടിടങ്ങൾക്കും, റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, ജല വിതരണം നടത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്ന ജലവിതരണം 150 മി.മീ. അല്ലെങ്കിൽ അതിൽ കുറവോ വ്യാസമുള്ള വിതരണത്തിനുള്ള പ്രധാന കുഴലിൽ നിന്നും നടത്തുവാൻ പാടുള്ളതല്ല.

38 ബി. ജലവിതരണ കണക്ഷനുകളിന്മേലുള്ള നിയന്ത്രണം:—ഉടമാവകാശം ഗണിക്കാതെ, എല്ലാ ജലവിതരണ കണക്ഷനുകളും അധികാരസ്ഥാനത്തിന്റെ നിയന്ത്രണത്തിൻ കീഴിലായിരിക്കുന്നതും ചട്ടങ്ങളാൽ വ്യവസ്ഥ ചെയ്യപ്പെടുന്ന അങ്ങനെയുള്ള രീതിയിൽ മാത്രം ശരിയാംവണ്ണം സംരക്ഷിക്കപ്പെടുന്നതും, മാറ്റം വരുത്തപ്പെടുന്നതും അല്ലെങ്കിൽ കേടുപാടുകൾ തീർക്കപ്പെടുന്നതുമാണ്."

10. 40-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 40-ാം വകുപ്പിൽ, (4എ) ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(5) ഏതൊരു പൊതു ഹൈഡ്രന്റിൽ നിന്നുള്ള ജലവും ഏതൊരു ഗാർഹികേതര ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ പാടുള്ളതല്ല.

(6) ജലം ചോർത്തിയെടുക്കുന്നതിനുവേണ്ടി ബാഹ്യ ഉപകരണങ്ങളോ പൈപ്പുകളോ ഹോസോ അല്ലെങ്കിൽ മറ്റു ഉപകരണങ്ങളോ ഏതൊരു പൊതു ഹൈഡ്രന്റുമായി ബന്ധിപ്പിക്കുവാൻ പാടുള്ളതല്ല.

(7) ഏതൊരു പൊതു ഹൈഡ്രന്റുകളുടെ ചുവട്ടിലോ അല്ലെങ്കിൽ സമീപത്തോ, ഏതെങ്കിലും മൃഗത്തിനെ കഴുകുകയോ അല്ലെങ്കിൽ വാഹനം, വസ്ത്രം, ഗൃഹോപകരണം അല്ലെങ്കിൽ ഏതെങ്കിലും മറ്റു വസ്തുക്കൾ വൃത്തിയാക്കുകയോ ചെയ്യാൻ പാടുള്ളതല്ല".

11. 40 എ, എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 40-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"40 എ, പൊതുഹൈഡ്രന്റുകളുടെ നിയമവിരുദ്ധ ഉപയോഗത്തിനുള്ള ശിക്ഷ.—പൊതു ഹൈഡ്രന്റിൽ നിന്നും നിയമവിരുദ്ധമായി ജലം വലിച്ചെടുക്കുകയോ അല്ലെങ്കിൽ എടുക്കുകയോ അല്ലെങ്കിൽ ഉപയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും പതിനായിരം രൂപവരെയാകാവുന്ന പിഴയോ, ആറുമാസക്കാലയളവിൽ കൂടാതെയുള്ള തടവോ അല്ലെങ്കിൽ അവ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്."

12. 42-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 42-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"42. വാട്ടർ മീറ്ററുകൾക്കുള്ള വ്യവസ്ഥ.—(1) അധികാരസ്ഥാനത്തു നിന്നുള്ള അംഗീകാരം വാങ്ങിയതിനുശേഷം ഉപഭോക്താവ് ഒരു വാട്ടർമീറ്റർ നൽകേണ്ടതും അതിനെ തന്റെ വീട്ടുവളപ്പിലുള്ള അധികാരസ്ഥാനത്തിന്റെ വാട്ടർവർക്ക്സുമായി ബന്ധിപ്പിച്ചിരിക്കുന്ന സർവ്വീസ് പൈപ്പുകളുമായി ബന്ധിപ്പിക്കേണ്ടതുമാണ്.

(2) അധികാരസ്ഥാനം അപ്രകാരം ആവശ്യപ്പെടുമ്പോഴെല്ലാം ഉപഭോക്താവ് തന്റെ വീട്ടുവളപ്പിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ മീറ്ററിനെ തന്റെ സ്വന്തം ചെലവിൽ കേടുപാടുതീർക്കുകയോ അല്ലെങ്കിൽ മാറ്റുകയോ ചെയ്യേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും കണക്ഷനിൽ എവിടെയെങ്കിലും അധികാരസ്ഥാനത്തിന് യുക്തമെന്ന് തോന്നുന്നപക്ഷം, അതിന്റെ സ്വന്തം വാട്ടർ മീറ്ററുകൾ സ്ഥാപിക്കാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(4) വാട്ടർ മീറ്ററുകൾക്കുള്ള വ്യവസ്ഥയും അതിന്റെ കണക്ഷൻ മാറ്റിവയ്ക്കലും, ഉപയോഗം, സംരക്ഷണം, അത്തരം മീറ്ററുകളുടെ പരിശോധനയും അവയുടെ സ്ഥാപിക്കലിനുള്ള ചെലവും അവയുടെ വാടകയും ഈട് നൽകുന്നതും അതുമായി ബന്ധപ്പെട്ട എന്തെങ്കിലുമുണ്ടെങ്കിൽ അതും റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടേണ്ടതാണ്.

42. എ മീറ്ററുകളുടെ കൃത്യത സംബന്ധിച്ച അനുമാനം.—ഈ നിയമത്തിൻകീഴിൽ ഒരു മീറ്റർ വഴി ജലവിതരണം നടത്തുമ്പോൾ മീറ്റർ സൂചിപ്പിക്കുന്ന അളവ് ഉപയോഗിച്ചതായി മറിച്ച് തെളിയിക്കാത്തപക്ഷം, അനുമാനിക്കേണ്ടതാണ്.

13. 43-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 43-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"43. വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ട പണികൾ, വിശേഷ നിർദ്ദേശങ്ങൾ മുതലായവ പ്രകാരം ലൈസൻസുള്ള പ്ലംബർമാർ ചെയ്യേണ്ടതാണെന്ന്.—(1) അധികാരസ്ഥാനത്തിന്റെ ലൈസൻസുള്ള ഒരു പ്ലംബറോ അല്ലെങ്കിൽ അത് യഥാവിധി അധികാരപ്പെടുത്തിയിട്ടുള്ള ഒരാളോ അല്ലാതെയുള്ള യാതൊരാളും ഒരു വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ട നിസ്സാര സ്വഭാവത്തിലുള്ളതല്ലാത്ത, ഏതെങ്കിലും പണിചെയ്യാൻ പാടില്ലാത്തതും അങ്ങനെയുള്ള പണി ചെയ്യിക്കുന്നതിന് അങ്ങനെയുള്ള ഒരാളെയല്ലാതെ മറ്റൊരാളെയും യാതൊരാളും അനുവദിക്കാൻ പാടില്ലാത്തതുമാണ്.

(2) ഏതെങ്കിലും അങ്ങനെയുള്ള പണി ചെയ്യുന്നതിന് ലൈസൻസുള്ള ഒരു പ്ലംബറെ നിയോഗിക്കുന്ന ഏതൊരാളും, റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യപ്പെടുന്ന അങ്ങനെയുള്ള രീതിയിൽ ചെയ്തതോ അല്ലെങ്കിൽ ചെയ്യാൻ പോകുന്നതോ ആയ അങ്ങനെയുള്ള പണികളുടെ വിശദാംശങ്ങൾ അങ്ങനെ ആവശ്യപ്പെടുമ്പോൾ നൽകേണ്ടതാണ് ;

(3) ലൈസൻസുള്ള ഒരു പ്ലംബറും അങ്ങനെയുള്ള പണികളുടെ നടപ്പാക്കലുമായി ബന്ധപ്പെട്ട് റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്തിരിക്കുന്നതോ അല്ലെങ്കിൽ അധികാരസ്ഥാനം വിനിർദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും വിശേഷ നിർദ്ദേശങ്ങളോ നിലവാരങ്ങളോ ലംഘിക്കാനോ ഗുണനിലവാരം കുറഞ്ഞ പദാർത്ഥങ്ങൾ, ഉപകരണങ്ങൾ അല്ലെങ്കിൽ ഫിറ്റിംഗുകൾ ഉപയോഗിച്ച് അങ്ങനെയുള്ള പണികൾ ചെയ്യുവാൻ പാടുള്ളതല്ല ;

(4) (1)-ഉം (2)-ഉം (3)-ഉം ഉപവകുപ്പുകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും അങ്ങനെയുള്ള പണി ചെയ്യുന്നിടത്ത് അങ്ങനെയുള്ള കണക്ഷനുകൾ നിരസിക്കേണ്ടതോ അല്ലെങ്കിൽ വിച്ഛേദിക്കപ്പെടേണ്ടതോ ആണ് ;

(5) അധികാരസ്ഥാനം, റെഗുലേഷനുകളാൽ, കാലാകാലങ്ങളിൽ, അങ്ങനെയുള്ള ഓരോ തരം പണിക്കും ലൈസൻസുള്ള പ്ലംബർമാർക്ക് കൊടുക്കേണ്ടതായ കൂലി നിശ്ചയിക്കേണ്ടതാണ് ;

(6) ലൈസൻസുള്ള ഒരു പ്ലംബറും (5)-ാം ഉപവകുപ്പു പ്രകാരം അധികാരസ്ഥാനം നിശ്ചയിച്ചിരിക്കുന്ന നിരക്കിനേക്കാൾ കൂടിയ കൂലി അങ്ങനെയുള്ള ഏതെങ്കിലും പണിക്ക് ആവശ്യപ്പെടാനോ കൈപ്പറ്റാനോ പാടുള്ളതല്ല ;

(7) ഈ വകുപ്പിലേയോ അല്ലെങ്കിൽ റെഗുലേഷനുകളിലേയോ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും ലൈസൻസുള്ള പ്ലംബർ ഏതെങ്കിലും അങ്ങനെയുള്ള പണി ചെയ്യുകയാണെങ്കിൽ, അയാൾക്കെതിരെ ഏതെങ്കിലും ക്രിമിനൽ നടപടികൾ എടുത്തിട്ടുണ്ടോ ഇല്ലയോ എന്ന കാര്യം ഗണിക്കാതെ അയാളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യപ്പെടുകയോ അല്ലെങ്കിൽ റദ്ദാക്കപ്പെടുകയോ ചെയ്യേണ്ടതാണ്.".

14. <u>43 എ, എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.</u>—പ്രധാന ആക്റ്റിന്റെ 43-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"<u>43 എ. ലൈസൻസുള്ള പ്ലംബർമാർ ചെയ്യുന്ന കുറ്റകൃത്യങ്ങൾ.</u>—43-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പോ അല്ലെങ്കിൽ (6)-ാം ഉപവകുപ്പോ ലംഘിക്കുന്ന ലൈസൻസുള്ള പ്ലംബർ ആരായിരുന്നാലും, ആറുമാസക്കാലയളവ് വരെയാകാവുന്ന തടവോ അല്ലെങ്കിൽ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്".

15. <u>45 എ. എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.</u>—പ്രധാന ആക്റ്റിന്റെ 45-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"<u>45 എ. പിഴ അഥവാ നഷ്ടപരിഹാരം നൽകുന്നതിന് അധികാരസ്ഥാനത്തിന് ബാധ്യതയില്ലെന്ന്.</u>—ജലദൗർലഭ്യമോ അല്ലെങ്കിൽ ആകസ്മിക സംഭവമോ അല്ലെങ്കിൽ ഏതെങ്കിലും വാട്ടർവർക്സിന്റെ പൈപ്പ് വീണ്ടും ഇടുന്നതോ കേടുപാടുകൾ

തീർക്കുന്നതോ സംബന്ധിച്ച പണിയോ അല്ലെങ്കിൽ മറ്റ് ഒഴിച്ചുകൂടാനാവാത്ത കാരണങ്ങളാലോ ജലവിതരണം വിച്ഛേദിക്കപ്പെട്ടാൽ ഏതൊരാൾക്കും ഉണ്ടാകുന്ന നഷ്ടത്തിനോ കേടിനോ അല്ലെങ്കിൽ ദുരിതത്തിനോ അധികാരസ്ഥാനത്തിന് യാതൊരു തരത്തിലുള്ള ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.

16. 46-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 46-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡത്തിൽ "ജലം വിതരണം നടത്തുന്നതിനുവേണ്ടി" എന്ന വാക്കുകൾക്കുശേഷം "ഏതെങ്കിലും യാന്ത്രികമോ അല്ലെങ്കിൽ മറ്റ് ഉപകരണത്തോടുകൂടിയോ അല്ലാതെയോ" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്.

17. 46 എ, 46 ബി, 46 സി, 46 ഡി, 46 ഇ എന്നീ പുതിയ വകുപ്പുകളുടെ കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 46-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പുകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

46 എ. സ്ഥലം, കുഴലുകൾ എന്നിവയ്ക്ക് മുകളിൽ കെട്ടിടങ്ങൾ മുതലായവ നിർമ്മിക്കുന്നതിന്മേലുള്ള നിരോധനം.—(1) ഏതൊരാളും അധികാരസ്ഥാനത്തിന്റെ അനുവാദം കൂടാതെ അധികാരസ്ഥാനത്തിന് സ്വന്തമായിട്ടുള്ള ഏതെങ്കിലും സ്ഥലം അല്ലെങ്കിൽ കുഴലുകൾ അല്ലെങ്കിൽ പ്രധാനകുഴലുകൾ എന്നിവയ്ക്ക് മുകളിലായി ഏതെങ്കിലും സ്വകാര്യനിരത്ത്, കെട്ടിടം, ഭിത്തി, വേലി അല്ലെങ്കിൽ മറ്റുതരത്തിലുള്ള എടുപ്പുകളോ നിർമ്മിക്കുവാൻ പാടുള്ളതല്ല.

(2) അധികാരസ്ഥാനത്തിന് സ്വന്തമായിട്ടുള്ള ഏതെങ്കിലും സ്ഥലം അല്ലെങ്കിൽ കുഴലുകൾ അല്ലെങ്കിൽ പ്രധാന കുഴലുകളിൽ ഏതെങ്കിലും സ്വകാര്യ നിരത്ത് നിർമ്മിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും കെട്ടിടം, ഭിത്തി, വേലി അല്ലെങ്കിൽ മറ്റു തരത്തിലുള്ള എടുപ്പുകളോ ഉയർത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അധികാരസ്ഥാനം അത് നീക്കം ചെയ്യുകയോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന മറ്റുവിധത്തിൽ കൈകാര്യം ചെയ്യുകയോ ചെയ്യാവുന്നതാണ്.

(3) ഇപ്രകാരം ചെയ്യുമ്പോൾ അധികാരസ്ഥാനത്തിന് ഉണ്ടാകുന്ന ചെലവുകൾ സ്വകാര്യനിരത്തിന്റെയോ അല്ലെങ്കിൽ കെട്ടിടത്തിന്റെയോ, വേലിയുടെയോ, ഭിത്തിയുടെയോ അല്ലെങ്കിൽ മറ്റ് എടുപ്പുകളുടെയോ ഉടമസ്ഥനാൽ നൽകപ്പെടേണ്ടതും അല്ലെങ്കിൽ, അതത് സംഗതിപോലെ, കുറ്റം ചെയ്ത ആളിൽ നിന്നും ഈ ആക്റ്റിൻകീഴിൽ, കുടിശ്ശികയായിട്ടുള്ള ചാർജ്ജായി ഈടാക്കേണ്ടതാണ്.

46 ബി. ജലം ചോർത്തൽ അല്ലെങ്കിൽ നിയമവിരുദ്ധമായ കണക്ഷൻ എടുത്താലുള്ള ശിക്ഷ.—(1) ആരെങ്കിലും, ജലം മോഷ്ടിക്കണമെന്ന ഉദ്ദേശ്യത്തോടെ, അധികാരസ്ഥാനത്തിന്റെ പ്രധാന കുഴലുകളിൽ നിന്നോ സർവ്വീസ് കുഴലുകളിൽ നിന്നോ അധികാരസ്ഥാനത്തിന്റെ മുൻകൂർ അനുമതിയില്ലാതെ ജലം ചോർത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും കണക്ഷൻ എടുക്കുകയോ അല്ലെങ്കിൽ കണക്ഷൻ എടുക്കുന്നതിന് ഇടവരുത്തുകയോ ചെയ്താൽ,—

(i) ജലം ഗാർഹികാവശ്യത്തിന് ഉപയോഗപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെങ്കിൽ, അദ്യകുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപ വരെയാകാവുന്ന പിഴയും രണ്ടാമത്തെ അല്ലെങ്കിൽ തുടർന്നുള്ള കുറ്റസ്ഥാപനത്തിന്റെ സംഗതിയിൽ ആറുമാസകാലയളവിൽ കവിയാതെയുള്ള തടവും ഇരുപത്തയ്യായിരം രൂപ വരെയാകാവുന്ന പിഴയും ;

(ii) ജലം ഗാർഹികേതര ആവശ്യത്തിന് ഉപയോഗപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെങ്കിൽ, ആദ്യകുറ്റസ്ഥാപനത്തിന്മേൽ അൻപതിനായിരം രൂപ വരെയാകാവുന്ന പിഴയും രണ്ടാമത്തെ അല്ലെങ്കിൽ തുടർന്നുള്ള കുറ്റസ്ഥാപനത്തിന്റെ സംഗതിയിൽ രണ്ട് വർഷ കാലയളവിൽ കവിയാതെയുള്ള തടവും, ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയും,

നൽകി ശിക്ഷിക്കേണ്ടതാണ്.

46 സി. മറ്റ് ചില നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള ശിക്ഷ.—ആരെങ്കിലും ഒരു ഉപഭോക്താവായിരിക്കെ, ജലം മോഷ്ടിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ ഒരു വാട്ടർ മീറ്ററിൽ കേട് വരുത്തുകയോ, കൃത്രിമം കാണിക്കുകയോ അല്ലെങ്കിൽ കൃത്രിമം കാണിച്ച ഒരു വാട്ടർ മീറ്റർ സ്ഥാപിക്കുകയോ, ഉപയോഗിക്കുകയോ അല്ലെങ്കിൽ കൃത്യവും ശരിയായതുമായ ജലവിതരണത്തിന്റെ മീറ്ററിംഗിനെ തടസ്സപ്പെടുത്തുന്ന വിധത്തിലുള്ള ഏതെങ്കിലും ഉപകരണമോ രീതിയോ ഉപയോഗിക്കുകയോ ചെയ്താൽ,—

(i) അയാൾ ഒരു ഗാർഹിക ഉപഭോക്താവാണെങ്കിൽ, അദ്യകുറ്റ സ്ഥാപനത്തിന്മേൽ പതിനായിരം രൂപവരെയാകാവുന്ന പിഴയും രണ്ടാമത്തെ അല്ലെങ്കിൽ തുടർന്നുള്ള കുറ്റസ്ഥാപനത്തിന്റെ സംഗതിയിൽ ആറുമാസ കാലയളവിൽ കവിയാതെയുള്ള തടവും ഇരുപത്തയ്യായിരം രൂപ വരെയാകാവുന്ന പിഴയും ;

(ii) അയാൾ ഒരു ഗാർഹികേതര ഉപഭോക്താവാണെങ്കിൽ, ആദ്യകുറ്റസ്ഥാപനത്തിന്മേൽ അൻപതിനായിരം രൂപവരെയാകാവുന്ന പിഴയും രണ്ടാമത്തെയോ അല്ലെങ്കിൽ തുടർന്നുള്ള കുറ്റസ്ഥാപനത്തിന്റെ സംഗതിയിൽ രണ്ട് വർഷകാലയളവിൽ കവിയാതെയുള്ള തടവും ഒരു ലക്ഷംവരെയാകാവുന്ന പിഴയും,

നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

46 ഡി. അനധികൃത ഉപയോഗം, മോഷണം മുതലായവയുടെ സംഗതിയിൽ ജലത്തിന്റെ ചാർജ്ജ് തിട്ടപ്പെടുത്തൽ.—(1) ഏതെങ്കിലും സ്ഥലമോ, കെട്ടിട പരിസരങ്ങളോ, വാട്ടർ മീറ്ററുകളോ, മറ്റ് ഏതെങ്കിലും ഉപകരണങ്ങളോ അല്ലെങ്കിൽ ഏതെങ്കിലും ആൾ സൂക്ഷിക്കുന്ന ഏതെങ്കിലും രേഖയോ അധികാരസ്ഥാനത്തിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പരിശോധിക്കുമ്പോൾ ഏതെങ്കിലും ഉപഭോക്താവ് ജലത്തിന്റെ അനധികൃത ഉപയോഗമോ അല്ലെങ്കിൽ മോഷണമോ നടത്തുന്നതായി ബോധ്യം വന്നാൽ, അദ്ദേഹത്തിന്, ഉപഭോക്താവിനെതിരെ എടുക്കാവുന്ന ക്രിമിനൽ നടപടി എന്തുതന്നെ ആയിരുന്നാലും, ജലത്തിന്റെ അത്തരം അനധികൃത ഉപയോഗത്തിനോ അല്ലെങ്കിൽ മോഷണത്തിനോ അദ്ദേഹത്തിന് ന്യായമെന്നു തോന്നുന്ന ജലത്തിന്റെ ചാർജ്ജ് താൽക്കാലികമായി തിട്ടപ്പെടുത്താവുന്നതാണ്.

(2) റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടുന്ന, അങ്ങനെയുള്ള രീതിയിൽ താൽക്കാലിക തിട്ടപ്പെടുത്തലിന്റെ ഉത്തരവ് ഉപഭോക്താവിന് നൽകേണ്ടതാണ്.

(3) അധികാരസ്ഥാനത്തിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ, (2)-ാം ഉപവകുപ്പ് പ്രകാരം ഒരു നോട്ടീസ് ഏത് ഉപഭോക്താവിനാണോ നൽകിയത് അയാൾക്ക്, താൽക്കാലിക തിട്ടപ്പെടുത്തലിനെതിരെ, ആക്ഷേപം, എന്തെങ്കിലുമുണ്ടെങ്കിൽ, ഫയൽ ചെയ്യുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതും, അദ്ദേഹം, അങ്ങനെയുള്ള ഉപഭോക്താവിനെ കേൾക്കാനുള്ള ന്യായമായ ഒരു അവസരം

നൽകിയതിനുശേഷം, അങ്ങനെയുള്ള ഉപഭോക്താവ് നൽകേണ്ടതായ ജലത്തിന്റെ ചാർജ്ജിന്റെ ഒരു അന്തിമ തിട്ടപ്പെടുത്തൽ ഉത്തരവ് പാസാക്കാവുന്നതാണ്.

(4) താൽക്കാലിക തിട്ടപ്പെടുത്തൽ ഉത്തരവ് നൽകപ്പെട്ട ഏതൊരു ഉപഭോക്താവും അത്തരം തിട്ടപ്പെടുത്തൽ സ്വീകരിക്കേണ്ടതും, തിട്ടപ്പെടുത്തിയ തുക ആ ആവശ്യത്തിനുവേണ്ടി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ അത്തരം താൽക്കാലിക തിട്ടപ്പെടുത്തൽ ഉത്തരവ് ലഭിച്ച് ഏഴു ദിവസത്തിനകം, കെട്ടിവയ്ക്കേണ്ട താണ്.

(5) ജലത്തിന്റെ അനധികൃത ഉപയോഗമോ മോഷണമോ നടന്നിട്ടുണ്ട് എന്ന നിഗമനത്തിൽ തിട്ടപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ എത്തിച്ചേർന്നാൽ, അനധികൃത ഉപയോഗം നിർമ്മാണ ആവശ്യത്തിന്റെ സംഗതിയിലായിരുന്നുവെങ്കിൽ അനധികൃത ഉപയോഗം നിർമ്മാണം ആരംഭിച്ച തീയതി മുതൽ തുടരുകയായിരുന്നെന്നും അല്ലെങ്കിൽ അനധികൃത ഉപയോഗം മറ്റ് ആവശ്യത്തിന്റെ സംഗതിയിലായിരുന്നെങ്കിൽ അനധികൃത ഉപയോഗം തുടരുന്നതായി തിട്ടപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ കരുതുന്ന ഒരു തീയതി മുതൽ തുടരുകയായിരുന്നെന്നും, അല്ലെങ്കിൽ മോഷണത്തിന്റെ സംഗതിയിൽ മുൻപ് നടന്ന പരിശോധന തീയതി മുതലോ അല്ലെങ്കിൽ തിട്ടപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ കരുതുന്ന തീയതി മുതൽ മോഷണം തുടർന്നുവരികയായിരുന്നുവെന്നും അനുമാനിക്കേണ്ടതാണ്.

എന്നാൽ ഉപഭോക്താവ് ഉത്തരവാദിത്തം നിരാകരിക്കാത്തപക്ഷം അനധികൃത ഉപയോഗം, മോഷണം മുതലായവയുടെ കാലാവധി കണക്കാക്കുമ്പോൾ തൊട്ടുമുൻപുള്ള പരിശോധന തീയതി മുതൽ ആറുമാസത്തിൽ കുറയുവാൻ പാടുള്ളതല്ല.

(6) അനധികൃത ഉപയോഗം നിർമ്മാണപ്രവർത്തനത്തിനാണെങ്കിൽ, കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയായുടെ അടിസ്ഥാനത്തിലും അല്ലെങ്കിൽ ഗാർഹിക ആവശ്യത്തിനാണെങ്കിൽ സ്ഥലത്ത് താമസിക്കുന്നവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും അല്ലെങ്കിൽ മറ്റേതെങ്കിലും ആവശ്യങ്ങൾക്കാണെങ്കിൽ സാധ്യതയുള്ള അളവിന്റെ അടിസ്ഥാനത്തിലും തിട്ടപ്പെടുത്തേണ്ടതാണ്.

(7) ഈ വകുപ്പുപ്രകാരമുള്ള വെള്ളക്കരം റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടുന്ന മാർഗ്ഗനിർദ്ദേശരേഖകൾ അനുസരിച്ച് തിട്ടപ്പെടുത്തേണ്ടതാണ്.

46 ഇ. അപ്പീലുകളും അപ്പീലൽ അധികാരസ്ഥാനവും.—(1) 46ഡി വകുപ്പ് പ്രകാരം പാസ്സാക്കിയ അന്തിമ ഉത്തരവിന്മേൽ സങ്കടമുള്ള ഏതൊരാൾക്കും, പ്രസ്തുത ഉത്തരവു മുതൽ മുപ്പത് ദിവസങ്ങൾക്കകം, ആ പ്രദേശത്ത് അധികാരിത ഉള്ള അധികാര സ്ഥാനത്തിന്റെ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക്, സർക്കാർ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫോറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസിനോടൊപ്പവും ഒരു അപ്പീൽ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം പാസാക്കിയ ഒരു തിട്ടപ്പെടുത്തൽ ഉത്തരവിനെതിരെ, ഈ ആവശ്യത്തിന് നിർണ്ണയിച്ചിട്ടുള്ള കാലയളവിനുള്ളിൽ തിട്ടപ്പെടുത്തൽ ചെയ്ത തുകയുടെ മൂന്നിലൊന്നിനു തുല്യമായ ഒരു തുക കെട്ടിവയ്ക്കാത്തപക്ഷം യാതൊരു അപ്പീലും സ്വീകരിക്കുവാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള അപ്പീലധികാരസ്ഥാനം മുപ്പത് ദിവസത്തിനുള്ളിൽ കക്ഷികളെ കേട്ടതിനുശേഷം അപ്പീൽ തീർപ്പാക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ പാസ്സാക്കിയ അപ്പീലധികാരസ്ഥാനത്തിന്റെ ഉത്തരവുകൾ അന്തിമമായിരിക്കുന്നതാണ്."

18. 47-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 47-ാം വകുപ്പിൽ, (ബി) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ ഈ വകുപ്പിലുള്ള യാതൊന്നും തന്നെ യാതൊരാളേയും അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും അഴുക്കുചാലിലേക്ക്, റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടുന്ന രീതിയിലും അങ്ങനെയുള്ള നിബന്ധനകൾക്കും വിധേയമായി ട്ടല്ലാതെ, ഏതെങ്കിലും വ്യാവസായിക വളപ്പിൽ നിന്നുള്ള ഏതെങ്കിലും വ്യാവസായിക മാലിന്യങ്ങളെ നേരിട്ടോ അല്ലാതെയോ ഒഴുക്കിവിടുന്നതിന് അർഹനാക്കുന്നതല്ല".

19. 47 എ യും 47 ബി. യും എന്ന പുതിയ വകുപ്പുകൾ കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 47-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പുകൾ കൂട്ടി ചേർക്കേണ്ടതാണ്, അതായത്:—

"47എ. ഓവുകൾ ഇല്ലാതെ പുതിയ കെട്ടിട പരിസരങ്ങൾ നിർമ്മിക്കാൻ പാടില്ലെന്ന്.—(1) 50 മീറ്റർ ദൂരപരിധിക്കുള്ളിൽ അധികാരസ്ഥാനത്തിന്റെ അഴുക്കു ചാലുകൾ ലഭ്യമായിട്ടുള്ള പ്രദേശങ്ങളിൽ, റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടുന്ന പ്രകാരമുള്ള അങ്ങനെയുള്ള വലിപ്പത്തിലും, വസ്തുക്കളാലും, ഇനത്തിലും അങ്ങനെ യുള്ള നിരപ്പിലും അങ്ങനെയുള്ള താഴ്ചയോടും കൂടിയതുമായ ഒരു ഓവ് നിർമ്മിക്കാ ത്തപക്ഷം, ഏതെങ്കിലും കെട്ടിടമോ അല്ലെങ്കിൽ മറ്റു എടുപ്പുകളോ നിർമ്മിക്കുന്നതോ അല്ലെങ്കിൽ പുനർനിർമ്മിക്കുന്നതോ നിയമാനുസൃതമായിരിക്കുന്നതല്ല.

(2) അത്തരത്തിൽ നിർമ്മിച്ച ഓവ്, റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെ ടുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായും അങ്ങനെയുള്ള ഫീസും അടച്ച് അധികാരസ്ഥാനത്തിന്റെ അഴുക്കു ചാലുമായി ബന്ധിപ്പിക്കേണ്ടതാണ്.

47 ബി. അഴുക്കുചാലുമായി ബന്ധപ്പെട്ട പണികൾ ലൈസൻസുള്ള പ്ലംബർ വിശേഷ നിർദ്ദേശപ്രകാരവും മറ്റും ചെയ്യേണ്ടതാണെന്ന്.—(1) അധികാരസ്ഥാനത്തിന്റെ ലൈസൻസുള്ള ഒരു പ്ലംബറോ അല്ലെങ്കിൽ അത് യഥാവിധി അധികാരപ്പെടുത്തിയ ഒരാളോ അല്ലാതെയുള്ള യാതൊരാളും, അധികാരസ്ഥാനത്തിന്റെ അഴുക്കുചാലുമായി ബന്ധിപ്പിക്കുന്ന ഏതെങ്കിലും ഗാർഹികമോ അല്ലെങ്കിൽ ഗാർഹികേതരമോ ആയ ഏതെ ങ്കിലും പണികൾ ചെയ്യാൻ പാടില്ലാത്തതും അങ്ങനെയുള്ള ഏതെങ്കിലും പണികൾ ചെയ്യുന്നതിന് അങ്ങനെയുള്ള ഓരാളെയല്ലാതെ യാതൊരാളേയും അനുവദിക്കാൻ പാടി ല്ലാത്തതുമാണ്.

(2) ഏതെങ്കിലും അങ്ങനെയുള്ള പണി ചെയ്യുന്നതിന് ലൈസൻസുള്ള ഒരു പ്ലംബറെ നിയോഗിക്കുന്ന ഏതൊരാളും, റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടുന്ന

അങ്ങനെയുള്ള രീതിയിൽ ചെയ്തതോ ചെയ്യാൻ പോകുന്നതോ ആയ അങ്ങനെയുള്ള പണികളുടെ വിശദാംശങ്ങൾ അങ്ങനെ ആവശ്യപ്പെടുമ്പോൾ നൽകേണ്ടതാണ്.

(3) ലൈസൻസുള്ള ഒരു പ്ലംബറും അങ്ങനെയുള്ള പണികളുടെ നടപ്പാക്കലുമായി ബന്ധപ്പെട്ട് റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്തിരിക്കുന്നതോ അല്ലെങ്കിൽ അധികാരസ്ഥാനം വിനിർദ്ദേശിക്കുന്ന വിശേഷ നിർദ്ദേശങ്ങളോ നിലവാരങ്ങളോ ലംഘിക്കാനോ ഗുണനിലവാരം കുറഞ്ഞ പദാർത്ഥങ്ങൾ, ഉപകരണങ്ങൾ അല്ലെങ്കിൽ ഫിറ്റിംഗുകൾ ഉപയോഗിച്ച് അങ്ങനെയുള്ള പണി ചെയ്യുവാൻ പാടുള്ളതല്ല.

(4) (1)-ഉം (2)-ഉം (3)-ഉം ഉപവകുപ്പുകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും അങ്ങനെയുള്ള പണി ചെയ്യുന്നിടത്ത് അങ്ങനെയുള്ള കണക്ഷനുകൾ നിരസിക്കേണ്ടതോ അല്ലെങ്കിൽ വിച്ഛേദിക്കപ്പെടേണ്ടതോ ആണ്.

(5) അധികാരസ്ഥാനം കാലാകാലങ്ങളിൽ അങ്ങനെയുളള ഓരോ തരം പണിക്കും ലൈസൻസുള്ള പ്ലംബർമാർക്ക് കൊടുക്കേണ്ടതായ കൂലി റഗുലേഷനുകളാൽ നിശ്ചയിക്കേണ്ടതാണ്.

(6) ലൈസൻസുള്ള യാതൊരു പ്ലംബറും (5)-ാം ഉപവകുപ്പ് പ്രകാരം അധികാരസ്ഥാനം നിശ്ചയിച്ചിരിക്കുന്ന നിരക്കിനേക്കാൾ കൂടിയ കൂലി ആവശ്യപ്പെടാനോ കൈപ്പറ്റാനോ പാടുള്ളതല്ല.

(7) ഈ വകുപ്പിലേയോ അല്ലെങ്കിൽ റെഗുലേഷനുകളിലേയോ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും ലൈസൻസുള്ള പ്ലംബർ ഏതെങ്കിലും അങ്ങനെയുള്ള പണി ചെയ്യുകയാണെങ്കിൽ, അയാൾക്കെതിരെ ഏതെങ്കിലും ക്രിമിനൽ നടപടികൾ എടുത്തിട്ടുണ്ടോ ഇല്ലയോ എന്ന് ഗണിക്കാതെ അയാളുടെ ലൈസൻസ് സസ്പെന്റ് ചെയ്യപ്പെടുകയോ അല്ലെങ്കിൽ റദ്ദാക്കപ്പെടുകയോ ചെയ്യേണ്ടതാണ്.

20. 49 എ. എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 49-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"49 എ. അധികാരസ്ഥാനത്തിന്റെ അഴുക്കുചാലിലേക്ക് ചില പദാർത്ഥങ്ങൾ കടത്തിവിടാൻ പാടില്ലെന്ന്.—യാതൊരാളും അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും അഴുക്കുചാലിലേക്കോ അല്ലെങ്കിൽ അധികാരസ്ഥാനത്തിന്റെ അഴുക്കുചാലുമായി ബന്ധിപ്പിക്കുന്ന ഏതെങ്കിലും ഓവിലേക്കോ അഴുക്കുചാലിലേക്കോ,—

(എ) അഴുക്കുചാലിനെ നശിപ്പിക്കാൻ ഇടയുള്ളതോ അല്ലെങ്കിൽ അതിനുള്ളിലെ സാധനങ്ങളുടെ നിർബാധമായ ഒഴുക്കിനെ തടസ്സപ്പെടുത്താൻ ഇടയുള്ളതോ അല്ലെങ്കിൽ അതിനുള്ളിലെ സാധനങ്ങളുടെ സംസ്കരിക്കലിനേയും നിർമ്മാർജ്ജനത്തേയും ദോഷകരമായി ബാധിക്കുകയോ ചെയ്യുന്ന ഏതെങ്കിലും പദാർത്ഥങ്ങളോ ; അല്ലെങ്കിൽ

(ബി) അഴുക്കുചാലിന്റെ നിർമ്മാണത്തിന് നാശമുണ്ടാക്കാൻ കാരണമാകുന്നതോ അല്ലെങ്കിൽ ശല്യമാകുന്നതോ അല്ലെങ്കിൽ ആരോഗ്യത്തിന് ഹാനികര

മാകുന്നതോ ആയ, റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള, ഏതെങ്കിലും രാസമാലിന്യങ്ങളോ അല്ലെങ്കിൽ ഉപയോഗശൂന്യമായ നീരാവിയോ അല്ലെങ്കിൽ ഹാനികരമായ ദ്രാവകങ്ങളോ ;

(സി) ഏതെങ്കിലും അപകടകാരിയായ പെട്രോളിയമോ ;

(ഡി) റെഗുലേഷനുകളാൽ അവയുടെ ഒഴുക്കൽ നിരോധിക്കപ്പെട്ടിട്ടുള്ള, ഏതെങ്കിലും മറ്റ് ദ്രാവകങ്ങളോ അല്ലെങ്കിൽ മറ്റു പദാർത്ഥങ്ങളോ, തള്ളാനോ, ഊറ്റിക്കളയാനോ, അല്ലെങ്കിൽ മാറ്റിവിടാനോ പാടുള്ളതല്ല.

വിശദീകരണം:—ഈ വകുപ്പിൽ, "അപകടകാരിയായ പെട്രോളിയം" എന്ന പദപ്രയോഗത്തിന് 1934-ലെ പെട്രോളിയം ആക്റ്റിലെ (1934-ലെ 30-ാം കേന്ദ്ര ആക്റ്റ്) അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

21. 50 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 50-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"50 എ. ചില പ്രവർത്തികളുടെ നിരോധനം.—യാതൊരാളും,—

(എ) അധികാരസ്ഥാനത്തിന്റെ ഉത്തരവുകളോ അല്ലെങ്കിൽ നിർദ്ദേശങ്ങളോ പ്രകാരം ഏതെങ്കിലും അഴുക്കുചാൽ നിർമ്മാണത്തിനായുള്ള പാതയുടെ സ്ഥാപിക്കലിനായി പ്രവർത്തിക്കുന്ന ഏതൊരാളേയും മനഃപൂർവ്വം തടസ്സപ്പെടുത്തുകയോ അഥവാ അങ്ങനെയുള്ള പാതയുടെ സ്ഥാപിക്കലിനായി ഭൂമിയിൽ ഉറപ്പിച്ചിട്ടുള്ള ഏതെങ്കിലും തൂണോ പോസ്റ്റോ അല്ലെങ്കിൽ കുറ്റിയോ നാട്ടാനോ അല്ലെങ്കിൽ നീക്കം ചെയ്യാനോ അല്ലെങ്കിൽ പ്രസ്തുത ആവശ്യത്തിനുവേണ്ടി ചെയ്തിട്ടുള്ള ഏതെങ്കിലും പണികളെ വിരൂപമാക്കാനോ, നശിപ്പിക്കാനോ പാടുള്ളതല്ല ; അല്ലെങ്കിൽ

(ബി) അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും അഴുക്കുചാലിലെ ഏതെങ്കിലും പൂട്ടോ, കോക്കോ, വാൽവോ, കുഴലോ അല്ലെങ്കിൽ മറ്റ് ഉപകരണങ്ങളോ മനഃപൂർവ്വമോ അല്ലെങ്കിൽ ഉദാസീനത കാരണമായോ പൊട്ടിക്കാനോ കേട് വരുത്താനോ തിരിച്ചുവയ്ക്കാനോ, തുറക്കാനോ, അടയ്ക്കാനോ നിർത്താനോ അല്ലെങ്കിൽ മറ്റ് വിധത്തിൽ ഇടപെടാനോ പാടുള്ളതല്ല; അല്ലെങ്കിൽ

(സി) അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും അഴുക്കുചാലിൽ നിന്നുള്ള ഓവുവെള്ളത്തിന്റെ ഒഴുക്ക് നിയമ വിരുദ്ധമായി തടസ്സപ്പെടുത്തുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഓവുവെള്ളം ഒഴുക്കിക്കളയുകയോ, വലിച്ചെടുക്കുകയോ അല്ലെങ്കിൽ ഗതിതിരിച്ചുവിടുകയോ അല്ലെങ്കിൽ എടുക്കുകയോ ചെയ്യാൻ പാടുള്ളതല്ല; അല്ലെങ്കിൽ

(ഡി) ഈ അദ്ധ്യായത്തിനുകീഴിലുള്ള തന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ അല്ലെങ്കിൽ മറ്റ് ജീവനക്കാരനേയോ തടസ്സപ്പെടുത്താനോ അല്ലെങ്കിൽ ഏതെങ്കിലും അഴുക്കുചാൽ നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവേശനമോ, മേലന്വേഷണമോ, പരിശോധനയോ അല്ലെങ്കിൽ അന്വേഷണമോ നടത്തുന്നതിനെ നിഷേധിക്കാനോ അല്ലെങ്കിൽ നിരസിക്കാനോ പാടുള്ളതല്ല."

22. 52.എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 52-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"52എ. ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളുടെ ലംഘനത്തിന്മേലുള്ള ശിക്ഷ.—ഈ അദ്ധ്യായത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളേയും ആദ്യ കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപവരെയാകാവുന്ന പിഴയോ രണ്ടാമത്തേയും പിന്നീടുള്ള കുറ്റസ്ഥാപനങ്ങൾക്കുമേൽ ഇരുപതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ ആറ് മാസക്കാലയളവുവരെയാകാവുന്ന തടവോ അല്ലെങ്കിൽ അവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്."

23. 60-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 60-ാം വകുപ്പിൽ "ആയിരം രൂപ", "ഇരുപത്തിയഞ്ച് രൂപ" എന്നീ വാക്കുകൾക്ക് പകരം "മൂവായിരം രൂപ", "നൂറു രൂപ" എന്നീ വാക്കുകൾ യഥാക്രമം ചേർക്കേണ്ടതാണ്.

24. 61 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 60-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"61എ. കുറ്റങ്ങൾ നടപടിക്കെടുക്കൽ.—അധികാരസ്ഥാനമോ അല്ലെങ്കിൽ ജല വിതരണത്തിന്റെയോ, അഴുക്കുചാൽ നിർമ്മാണത്തിന്റെയോ ചുമതലയുള്ള അധികാരസ്ഥാനത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ഈ ആവശ്യങ്ങൾക്കായി അധികാരസ്ഥാനം അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ നൽകുന്ന ലിഖിതമായ പരാതിയിന്മേലല്ലാതെ യാതൊരു കോടതിയും ഈ ആക്റ്റ് പ്രകാരമുള്ള ശിക്ഷാർഹമായ ഒരു കുറ്റവും നടപടിക്കെടുക്കാൻ പാടുള്ളതല്ല."

25. 64-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 64-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ജി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(ജിജി) 46ഇ വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതായ ഒരു അപ്പീലിന്റെ ഫാറവും, രീതിയും കൂടാതെ അങ്ങനെയുള്ള അപ്പീലിനുള്ള ഫീസും."

26. 65-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 65-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(i) (ജി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(ജിഎ) പായ്ക്ക് ചെയ്ത ജലം, മിനറൽ വാട്ടർ മുതലായവയുടെയും ജല വിതരണവും അഴുക്കുചാൽ നിർമ്മാണവുമായി ബന്ധപ്പെട്ട സാധനങ്ങളുടെയും സാമഗ്രികളുടേയും ഉൽപ്പാദനവും വിപണനവും, വിൽപ്പനയും അധികാരസ്ഥാനം നടത്തേണ്ടതായ രീതിയും ;"

(ii) (എച്ച്) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(എച്ച്എ) ബഹുനില കെട്ടിടങ്ങൾക്കും ഫ്ളാറ്റ് രീതിയിലുള്ള കെട്ടിടങ്ങൾക്കും ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായിട്ടാണ് ജലവിതരണം നടത്തേണ്ടതെന്നും ;

(എച്ച്ബി) ഏതു രീതിയിൽ എല്ലാ വാട്ടർ കണക്ഷനുകളുടെയും സംരക്ഷണവും മാറ്റം വരുത്തലും അല്ലെങ്കിൽ കേടുപാടുകൾ തീർക്കലും നടത്തണമെന്നും ;"

(iii) (ഐ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(ഐഎ) ലൈസൻസുള്ള പ്ലംബർമാർ ചെയ്തതോ അല്ലെങ്കിൽ ചെയ്യേണ്ടതോ ആയ പണികളുടെ വിശദാംശങ്ങൾ അധികാരസ്ഥാനത്തിന് സമർപ്പിക്കേണ്ടതായ രീതിയും വാട്ടർ കണക്ഷനും അഴുക്കുചാൽ കണക്ഷനുമായി ബന്ധപ്പെട്ട ഓരോ തരം പണിക്കും ലൈസൻസുള്ള പ്ലംബർമാർക്ക് നൽകേണ്ടതായ കൂലികളും"."

(iv) (ജെ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(ജെഎ) ഉപഭോക്താവിനാലുള്ള ജലത്തിന്റെ അനധികൃത ഉപയോഗം, മോഷണം എന്നീ കാര്യങ്ങളിൽ താൽക്കാലികമായി തിട്ടപ്പെടുത്തൽ ഉത്തരവ് നൽകേണ്ട രീതിയും അങ്ങനെയുള്ള കാര്യങ്ങളിൽ ജലത്തിന്റെ ചാർജ്ജ് താൽക്കാലികമായി തിട്ടപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശരേഖകളും ;

(ജെബി) അധികാരസ്ഥാനത്തിന്റെ അഴുക്കുചാലുമായി ഏതെങ്കിലും അഴുക്കുചാൽ കണക്റ്റ് ചെയ്യുന്നതിന്, ചെയ്തതോ ചെയ്യേണ്ടതോ ആയ പണികളുടെ വിശദാംശങ്ങൾ അധികാരസ്ഥാനത്തിന് സമർപ്പിക്കേണ്ട രീതിയും ;

(ജെസി) അഴുക്കുചാലിലേക്ക് ഒഴുക്കിക്കളയൽ നിരോധിക്കേണ്ടതായ, വകുപ്പ് 49 എ യിൽ വിനിർദ്ദേശിച്ചിരിക്കുന്നവ ഒഴികെ, ദ്രാവകങ്ങളും മറ്റ് പദാർത്ഥങ്ങളും ;".

27. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ കേരള ജലവിതരണവും അഴുക്കുചാൽ നിർമ്മാണവും (ഭേദഗതി) ഓർഡിനൻസ് (2008-ലെ 12) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്റ്റ് (1986-ലെ 14) നിർമ്മിച്ച സമയത്ത് ജലവിതരണത്തിന് വേണ്ടത്ര ആവശ്യകത ഉണ്ടായിരുന്നിട്ടില്ലാത്തതിനാലും, ജലത്തിന്റെ മോഷണവും ദുരുപയോഗവും, അനധികൃത

കണക്ഷൻ മുതലായ സംഭവങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആക്റ്റിൽ വ്യവസ്ഥ ചെയ്തിരുന്നില്ല. ആക്റ്റിൽ വ്യവസ്ഥകളില്ലാത്തതിനാൽ, അങ്ങനെയുള്ള പ്രവർത്തികൾ തടയുന്നതിന് കേരള ജല അധികാരസ്ഥാനത്തിന് ഫലപ്രദമായ പരിഹാര നടപടികൾ സ്വീകരിക്കാനായിട്ടില്ല. അതനുസരിച്ച് അത്തരം ഭയങ്കരമായ സാഹചര്യങ്ങളെ കൈകാര്യം ചെയ്യുന്നതിന് ആക്റ്റിൽ ചില മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നു.

2. ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള കുടിവെള്ളം കുപ്പിയിലാക്കി ലഭ്യമാക്കുന്നതിന്, ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുംകൂടി സർക്കാർ തീരുമാനിച്ചു.

3. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേല്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, ഗവർണ്ണർ, 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ഓർഡിനൻസ് 2008, ജനുവരി 29-ാം തീയതി വിളംബരപ്പെടുത്തുകയും, അത് 2008 ജനുവരി 29-ാം തീയതിയിലെ 226-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2008-ലെ 4-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2008 ഫെബ്രുവരി 20-ാം തീയതി ആരംഭിച്ച് 2008 മാർച്ച് 19-ാം തീയതി അവസാനിച്ച നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല.

5. ആയതിനാൽ, 2008-ലെ 4-ാം നമ്പർ ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി, 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ഓർഡിനൻസ്, ഗവർണ്ണർ, 2008 ഏപ്രിൽ 1-ാം തീയതി വിളംബരപ്പെടുത്തുകയും, അത് 2008 ഏപ്രിൽ 1-ാം തീയതിയിലെ 652-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2008-ലെ 12-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 6-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാൻ ഉദ്ദേശിച്ച 15എ വകുപ്പ്, റെഗുലേഷനുകളാൽ വ്യവസ്ഥചെയ്യപ്പെടുന്ന രീതിയിൽ പായ്ക്ക് ചെയ്ത ജലം, മിനറൽ വാട്ടർ, എയ്റേറ്റഡ് വാട്ടർ അല്ലെങ്കിൽ മറ്റേതെങ്കിലും സംസ്ക്കരിച്ച ജലവും, ജലവിതരണത്തിനും അഴുക്കുചാൽ നിർമ്മിക്കുന്നതിന് ആവശ്യമായ സാധനങ്ങളും സാമഗ്രികളും ഉല്പാദിപ്പിക്കുന്നതിനും, വിപണനം നടത്തുന്നതിനും, വില്പനയ്ക്കും അധികാരസ്ഥാനത്തെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 7-ാം ഖണ്ഡംമൂലം പകരം ചേർക്കാൻ ഉദ്ദേശിച്ച 33-ാം വകുപ്പ് അധികാരസ്ഥാനം നൽകിയ മീറ്ററുകൾക്ക് വാടക നിരക്ക് നിശ്ചയിക്കുന്നതിനുള്ള റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് അധികാരസ്ഥാനത്തിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 8-ാം ഖണ്ഡംമൂലം പകരം ചേർക്കാൻ ഉദ്ദേശിച്ച 38-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഗാർഹിക ആവശ്യങ്ങൾക്കായി ജലവിതരണം നടത്തുന്നതിനുള്ള നിബന്ധനകളും ഉപാധികളും വ്യവസ്ഥ ചെയ്യുന്നതിന് റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് അധികാരസ്ഥാനത്തിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 9-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാൻ ഉദ്ദേശിച്ച 38 എ വകുപ്പ്, ജലസംഭരണികൾ, ടാങ്കുകൾ, കുളങ്ങൾ, തറനിരപ്പിലുള്ള ജലസംഭരണികളും മുഖേന ബഹുനിലക്കെട്ടിടങ്ങൾക്കും ഫ്ളാറ്റുപോലെയുള്ള കെട്ടിടങ്ങൾക്കും ജലവിതരണം നടത്തുന്നതിനുള്ള നിബന്ധനകളും ഉപാധികളും വ്യവസ്ഥചെയ്യുന്നതിന് റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് അധികാരസ്ഥാനത്തിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 9-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാൻ ഉദ്ദേശിച്ച 38 ബി വകുപ്പ് വാട്ടർ കണക്ഷനുകളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് അധികാരസ്ഥാനത്തിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 12-ാം ഖണ്ഡംമൂലം പകരം ചേർക്കാനുദ്ദേശിച്ച 42-ാം വകുപ്പ് (4)-ാം ഉപവകുപ്പ്, വാട്ടർമീറ്ററുകൾ നൽകുന്നതിനും അതിന്റെ കണക്ഷനുകൾ മാറ്റി വയ്ക്കുന്നതിനും ഉപയോഗം, സംരക്ഷണം, അത്തരം മീറ്ററുകളുടെ പരിശോധനയും അവയുടെ സ്ഥാപിക്കലിനുള്ള ചെലവും, അവയുടെ വാടകയും, ഈട് നൽകുന്നതിനുമുള്ള കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന് റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് അധികാരസ്ഥാനത്തിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

7. ബില്ലിലെ 13-ാം ഖണ്ഡംമൂലം പകരം ചേർക്കാൻ ഉദ്ദേശിച്ച 43-ാം വകുപ്പ് (2)-ാം ഉപവകുപ്പ് ചെയ്തതോ അല്ലെങ്കിൽ ചെയ്യാൻപോകുന്നതോ ആയ പണികളുടെ വിശദാംശങ്ങൾ നൽകുന്ന രീതി റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യുന്നതിന് അധികാരസ്ഥാനത്തിനെ അധികാരപ്പെടുത്തുന്നതിനും (5)-ാം ഉപവകുപ്പുപ്രകാരം അങ്ങനെയുള്ള ഓരോ തരം പണിക്കും പ്ലംബർമാർക്ക് കൊടുക്കേണ്ടതായ കൂലി നിശ്ചയിക്കുന്നതിനും വ്യവസ്ഥചെയ്യുന്നതിന് റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനും അധികാരസ്ഥാനത്തിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

8. ബില്ലിലെ 17-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാൻ ഉദ്ദേശിച്ച 46 ഡി വകുപ്പ് (2)-ാം ഉപവകുപ്പ് താല്ക്കാലിക തിട്ടപ്പെടുത്തലിന്റെ ഉത്തരവ് നൽകുന്ന രീതിക്ക് വ്യവസ്ഥ ഉണ്ടാക്കുന്നതിന് അധികാരസ്ഥാനത്തെ അധികാരപ്പെടുത്തുന്നതിനും അതനുസരിച്ച് (7)-ാം ഉപവകുപ്പ് ജലത്തിന്റെ അനധികൃത ഉപയോഗത്തിനും മോഷണത്തിനുംമേൽ വാട്ടർചാർജ്ജ് തിട്ടപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശരേഖകൾ നിശ്ചയിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉണ്ടാക്കുന്നതിന് അധികാരസ്ഥാനത്തിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

9. ബില്ലിലെ 17-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാൻ ഉദ്ദേശിച്ച 46ഇ വകുപ്പ് അപ്പീലിന്റെ ഫാറവും അതുനൽകുന്നതിനുള്ള രീതിയും അതിന്മേലുള്ള ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

10. ബില്ലിലെ 19-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാൻ ഉദ്ദേശിച്ച 47 എ വകുപ്പ് (2)-ാം ഉപവകുപ്പ് അഴുക്കുചാൽ കണക്ഷനുള്ള നിബന്ധനകളും ഉപാധികളും ഫീസും വ്യവസ്ഥചെയ്യുന്നതിന് റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് അധികാരസ്ഥാനത്തിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

11. ബില്ലിലെ 19-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാൻ ഉദ്ദേശിച്ച 47 ബി വകുപ്പ് (2)-ാം ഉപവകുപ്പ് ചെയ്തതോ അല്ലെങ്കിൽ ചെയ്യാൻ പോകുന്നതോ ആയ പണികളുടെ വിശദാംശങ്ങൾ നൽകുന്നതിനുള്ള രീതി വ്യവസ്ഥ ചെയ്യുന്നതിന് അധികാരസ്ഥാനത്തിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

12. ബില്ലിലെ 20-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാൻ ഉദ്ദേശിച്ച 49 എ വകുപ്പ് (ഡി) ഖണ്ഡം അഴുക്കുചാലിലേക്ക് ചില പദാർത്ഥങ്ങൾ കടത്തിവിടുന്നത് നിരോധിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കുന്നതിന് അധികാരസ്ഥാനത്തിനെ അധികാരപെടുത്താൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിക്ക് ശേഷം റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എൻ. കെ. പ്രേമചന്ദ്രൻ

(ശരിത്തർജ്ജമ)

## 1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1986-ലെ 14)

** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** **

(vii) "ഗാർഹിക മലിനജലം" എന്നാൽ ഏതെങ്കിലും വാസസ്ഥലത്തുനിന്നോ, ബോർഡിംഗ് അഥവാ ലോഡ്ജിംഗ് ഹൗസിൽ നിന്നോ, ഹോസ്റ്റൽ, ഹോട്ടൽ, പൊതുസ്ഥലം, ആഫീസ് മുതലായ സ്ഥലങ്ങളിൽ നിന്നോ അല്ലെങ്കിൽ ഏതെങ്കിലും വ്യാപാരത്തിന്റെയോ വ്യവസായത്തിന്റെയോ ഒരു ഭാഗമല്ലാത്ത ഏതെങ്കിലും സ്ഥാപനത്തിൽ നിന്നോ ഉള്ള ജലപാനം, കുളി, വ്യതസ്നാനം, അലക്ക്, പാചകം എന്നിവപോലെ വ്യക്തിപരവും സാധാരണവുമായ മാനുഷിക പ്രവർത്തനങ്ങൾ കാരണമായി ഉണ്ടാകുന്നതുമായ മലിനജലം എന്നർത്ഥമാകുന്നു.

** ** **

(x) "ഫയർ ഹൈഡ്രന്റ്" എന്നാൽ തീ കെടുത്തുന്നതിന് വിതരണം നടത്തുന്നതിനായി ട്രങ്ക് മെയിൻ അല്ലാത്ത പ്രധാന ജലക്കുഴലിന്മേൽ ഘടിപ്പിക്കുന്ന ഹൈഡ്രന്റ് എന്നർത്ഥമാകുന്നു.

** ** **

(xv) "അംഗം" എന്നാൽ അധികാരസ്ഥാനത്തിലെ ഒരു അംഗം എന്നർത്ഥമാകുന്നു.

** ** **

(xxxvi) "വാട്ടർ വർക്സ്" എന്നതിൽ ജലവിതരണത്തിനായോ അഥവാ ജലവിതരണത്തിൽ ഉപയോഗിക്കുന്നതിനായോ അഥവാ ജലവിതരണത്തിന്റെ ഉറവിടങ്ങൾ സംരക്ഷിക്കുന്നതിനായോ അഥവാ ജലം ശുദ്ധീകരിക്കുന്നതിനായോ ഉള്ള നീർച്ചാല് (അരുവി, തടാകം, ഉറവ, നദി അല്ലെങ്കിൽ തോട്, കുഴൽകിണർ, ഗ്യാലറികൾ, റിസർവോയർ, നീർത്തൊട്ടി, ടാങ്ക് എന്നിവ ഉൾപ്പെടെ) അടച്ചതോ തുറന്നുവെച്ചിട്ടുള്ളതോ ആയ കുഴൽ, ജലശുദ്ധീകരണ യൂണിറ്റുകൾ, സ്ലൂസ് സപ്ലൈമെയിൻ, കലുങ്ക്, എഞ്ചിൻ, വാട്ടർട്രക്ക്, ഹൈഡ്രന്റുകൾ, സ്റ്റാന്റ്പൈപ്പ്, കുഴൽ, യന്ത്രങ്ങൾ, ഭൂമി, കെട്ടിടം അഥവാ മറ്റ് സാധനങ്ങൾ എന്നിവ ഉൾപ്പെടുന്നതാകുന്നു.

** ** **

4. അധികാരസ്ഥാനത്തിന്റെ ഘടന.—അധികാരസ്ഥാനത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സർക്കാർ നിയമിക്കുന്ന ഒരു ചെയർമാൻ ;

** ** **

(സി) എക്സ്-ഒഫിഷ്യോ ആയി, പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് വകുപ്പിന്റേയോ കേരള ജല അധികാരസ്ഥാനത്തിന്റെയോ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി ;

** ** **

(ഇ) എക്സ്-ഒഫിഷ്യോ ആയി, തദ്ദേശസ്വയംഭരണ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി ;

(എഫ്) എക്സ്-ഒഫിഷ്യോ ആയി, വികസന വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി ;

** ** **

14. അധികാരസ്ഥാനത്തിന്റെ കർത്തവ്യങ്ങൾ.—അധികാരസ്ഥാനം താഴെപ്പറയുന്ന എല്ലാ കർത്തവ്യങ്ങളുമോ അഥവാ അവയിൽ ഏതെങ്കിലുമോ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(i) ജലവിതരത്തിനും മലിനജലം കൈയൊഴിയലിനും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുകയും നടപ്പാക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും പ്രവർത്തനത്തിൽ കൊണ്ടുവരികയും നിലനിറുത്തുകയും അവയ്ക്കുവേണ്ടി പണം നൽകുകയും ചെയ്യുക ;

** ** **

(x) അടിയന്തിരാവസരങ്ങളിൽ ജലവിതരണം ഉറപ്പുവരുത്തുന്നതിന് ആവശ്യമാകാവുന്ന മറ്റ് നടപടികൾ സ്വീകരിക്കൽ ;

** ** **

15. അധികാരസ്ഥാനത്തിന്റെ അധികാരങ്ങൾ.—(1) അധികാരസ്ഥാനത്തിന് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമോ യുക്തമോ ആകാവുന്ന ഏത് കാര്യവും ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) മുൻപറഞ്ഞ വ്യവസ്ഥകളുടെ പൊതു സ്വഭാവത്തിന് ഭംഗം കൂടാതെ അങ്ങനെയുള്ള അധികാരത്തിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നതാണ്.—

(i) ഏതെങ്കിലും തദ്ദേശസമിതിയിൽ നിന്നും അതിന് ആവശ്യമെന്ന് തോന്നാവുന്ന ആനുകാലികമോ അഥവാ നിർദ്ദിഷ്ടമായതോ ആയ വിവരങ്ങൾ ശേഖരിക്കുക ;

** ** **

(viii) ഈ ആക്റ്റ് പ്രകാരമുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി അധികാരസ്ഥാനം ആവശ്യമെന്ന് കരുതാവുന്ന പ്രകാരമുള്ള ആളുകൾക്കോ അധികാരസ്ഥാനങ്ങൾക്കോ വായ്പകളും മുൻകൂറുകളും അനുവദിക്കുക.

** ** **

33. മീറ്റർ വാടക.—അധികാരസ്ഥാനത്തിന് വാട്ടർ മീറ്ററുകൾ നൽകാവുന്നതും മീറ്ററിന് റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്നപ്രകാരമുള്ള വാടക ചാർജ്ജ് ചെയ്യാവുന്നതുമാണ്.

** ** **

38. അധികാരസ്ഥാനം നടത്തുന്ന ജലവിതരണം.—(1) അധികാരസ്ഥാനം ഏതെങ്കിലും പരിസരത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോ അതിലേക്ക് സമർപ്പിക്കുന്ന ഒരു അപേക്ഷയിന്മേൽ,—

(എ) നിലവിലുള്ള ഒരു മെയിനിൽ നിന്നും മുപ്പതുമീറ്റർ ദൂരത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഏതെങ്കിലും പരിസരത്തിലേയോ ; അഥവാ

(ബി) മുപ്പതുമീറ്റർ ദൂരത്തിനപ്പുറം നീട്ടുന്നതിന്റെ ചെലവ് അപേക്ഷകൻ വഹിക്കാമെന്ന് ഏല്ക്കുന്നപക്ഷം നിലവിലുള്ള ഒരു മെയിനിൽ നിന്നും മുപ്പതുമീറ്റർ ദൂരത്തിനപ്പുറം സ്ഥിതിചെയ്യുന്ന ഏതെങ്കിലും പ്രദേശത്തിലേയോ ഗാർഹികാവശ്യങ്ങൾക്കുവേണ്ടി ജലവിതരണം അനുവദിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൻകീഴിൽ വരുന്ന സംഗതികളിൽ മുപ്പതുമീറ്ററിൽ കവിയാത്തതും, ഏറ്റവും അടുത്തായി നിലവിലുള്ള മെയിനിനെ പരിസരത്തിന്റെ പുറത്തെ അതിർത്തിയുമായി ബന്ധിപ്പിക്കാൻ മതിയാകുന്നിട ത്തോളമുള്ളതുമായ ദൂരം നീട്ടുന്നതിന്റെ ചെലവുമാത്രമേ അധികാരസ്ഥാനം വഹിക്കേണ്ടതുള്ളൂ.

(3) ഏതെങ്കിലും നീട്ടിക്കൊടുക്കലിന്റെ ചെലവ് ഒന്നാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം ജലം ആർക്കാണ് വിതരണം ചെയ്യപ്പെട്ടത് ആ ആൾ വഹിച്ചിരുന്നു എന്നിരുന്നാൽകൂടി അതിന്റെ ഉടമാവകാശം അധികാരസ്ഥാനത്തിൽ നിക്ഷിപ്തമാകുന്നതാണ്.

(4) അധികാരസ്ഥാനത്തിന് ഗാർഹികാവകാശങ്ങളല്ലാത്ത ഏതെങ്കിലും ആവശ്യത്തിനുവേണ്ടി അതിലേക്ക് സമർപ്പിക്കപ്പെടുന്ന അപേക്ഷയിന്മേൽ ജലവിതരണം അനുവദിക്കാവുന്നതാണ്.

(5) ഗാർഹികാവശ്യങ്ങൾക്കോ മറ്റാവശ്യങ്ങൾക്കോ വേണ്ടിയുള്ള ജലവിതരണം റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതാണ്.

(6) (5)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട റെഗുലേഷനുകൾക്ക് വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും അധികാരസ്ഥാനങ്ങൾക്ക് പണംകൊടുക്കൽ സംബന്ധിച്ചും വിതരണത്തിനുള്ള കാലയളവ് വ്യവസ്ഥകളും സംബന്ധിച്ചും കരാർ

ചെയ്യപ്പെടാവുന്ന നിബന്ധനകളിന്മേൽ സർക്കാരിനോ ഏതെങ്കിലും തദ്ദേശാധികാര സ്ഥാനത്തിനോ മറ്റ് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനോ അഥവാ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിനോ ധർമ്മസ്ഥാപനത്തിനോ ജലം വിതരണം ചെയ്യാവുന്നതാണ്.

** ** **

40. പൊതു ഹൈഡ്രന്റുകൾ സ്ഥാപിക്കൽ.—അധികാരസ്ഥാനം നിശ്ചയിക്കാവുന്ന ചാർജ്ജുകൾ തദ്ദേശ സമിതി കൊടുക്കുന്നതായാൽ, അതിന്റെ അധികാരിതയിലുള്ള ഒരു പ്രദേശത്തെ ജനങ്ങൾക്ക് പൊതു ഹൈഡ്രന്റുകൾവഴി അധികാരസ്ഥാനം ശുദ്ധജല വിതരണം നടത്തേണ്ടതാണ്.

** ** **

(4എ) അതോറിറ്റി പ്രവർത്തിപ്പിക്കുന്ന പദ്ധതികളിൽ തെരുവ് ടാപ്പുകൾക്ക് ആവശ്യമായ താരിഫ് സർക്കാർ നിശ്ചയിച്ച നിരക്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും വസൂലാക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെല്ലേണ്ട ഗ്രാന്റിൽ നിന്നും സർക്കാരിന് താരിഫ് കുറവുചെയ്യാവുന്നതാണ്. താരിഫ് നിർണ്ണയിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും സംശയമോ തദ്ദേശഭരണ സ്ഥാപനവും അതോറിറ്റിയും തമ്മിൽ എന്തെങ്കിലും തർക്കമോ ഉണ്ടാകുന്ന പക്ഷം അത്തരം സംശയമോ തർക്കമോ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഒരു അപ്പലേറ്റ് അതോറിറ്റിയ്ക്ക് അയച്ചുകൊടുക്കേണ്ടതും അതിന്മേൽ അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

** ** **

42. വാട്ടർ മീറ്ററുകൾ സ്ഥാപിക്കൽ.—(i) അധികരസ്ഥാനത്തിന് അതിന്റെ വാട്ടർ വർക്സുമായി ബന്ധിക്കപ്പെട്ട പരിസരത്തിൽ ഒരു വാട്ടർ മീറ്റർ സ്ഥാപിക്കുകയും അത് സർവ്വീസ് പൈപ്പുമായി യോജിപ്പിക്കുകയും ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട വാട്ടർ മീറ്ററിന്റെ സംസ്ഥാപനത്തിനുള്ള ചെലവുകളും അത് ഉപയോഗിക്കുന്നതിനുള്ള വാടകയും ഉപഭോക്താവിന് നൽകേണ്ടതാണ്.

(3) വാട്ടർ മീറ്ററുകൾ സ്ഥാപിക്കലും അവയ്ക്ക് കണക്ഷൻ നൽകുന്നതും അങ്ങനെയുള്ള മീറ്ററുകളുടെ ഉപയോഗം, സൂക്ഷിപ്പ്, പരിശോധന എന്നിവയും അവയുടെ സംസ്ഥാപനത്തിനുള്ള ചെലവും അവയുടെ വാടകയും അവ സംബന്ധിച്ച് ജാമ്യം വല്ലുതുമുണ്ടെങ്കിൽ അത് നൽകുന്നതും റെഗുലേഷനുകൾ വഴി ക്രമപ്പെടുത്തേണ്ടതാണ്.

43. ലൈസൻസുള്ള പ്ലംബർമാർ.—(1) അധികാരസ്ഥാനത്തിന്റെ ലൈസൻസുള്ള ഒരു പ്ലംബറോ അഥവാ അത് യഥാവിധി അധികാരപ്പെടുത്തിയിട്ടുള്ള ആളോ അല്ലാത്ത യാതൊരാളും നിസ്സാരസ്വഭാവത്തിലുള്ള ഒരു പണി അല്ലാത്ത ഒരു വാട്ടർകണക്ഷനെ സംബന്ധിച്ച ഏതെങ്കിലും പണി നടത്താൻ പാടില്ലാത്തതും യാതൊരാളും, ഒരു ലൈസൻസുള്ള പ്ലംബറോ അഥവാ അധികാരസ്ഥാനം യഥാവിധി അധികാര പ്പെടുത്തിയിട്ടുള്ള ഒരാളോ അല്ലാത്ത ഒരാൾ അപ്രകാരമുള്ള ഏതെങ്കിലും പണി നടത്താൻ അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും പണി ചെയ്തിട്ടുള്ളപ്പോൾ അപ്രകാരമുള്ള പണി അധികാരസ്ഥാനത്തിന്റെ വിവേചനാധികാരമനുസരിച്ച് പൊളിച്ച് മാറ്റപ്പെടുന്നതിന് വിധേയമായിരിക്കുന്നതാണ്.

** ** **

45. ജലവിതരണം വിച്ഛേദിക്കുന്നതിനുള്ള അധികാരം.—(1) അധികാരസ്ഥാനത്തിന് ഏതെങ്കിലും പരിസരത്തുനിന്നും,—

(എ) ഈ ആക്റ്റ് പ്രകാരം കൊടുക്കാനുള്ളതായ ഏതെങ്കിലും നികുതിയോ ഫീസോ വാടകത്തുകയോ ജലത്തിന്റെ വിലയോ ഏതെങ്കിലും ചാർജ്ജോ കൊടുക്കാനുള്ളതായ മറ്റുതുകയോ ആയതിലേയ്ക്കുള്ള ബിൽ നൽകിയതിനുശേഷം മുപ്പതു ദിവസക്കാലയളവിനുള്ളിൽ നൽകാത്തപക്ഷമോ ; അഥവാ

(ബി) ഈ ആക്റ്റിലേയോ അതിൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലേയോ അഥവാ റെഗുലേഷനുകളിലേയോ വ്യവസ്ഥകൾക്കുവിരുദ്ധമായി ജലം ഉപയോഗിക്കുകയോ ഉപയോഗിക്കാൻ അനുവദിക്കുകയോ ചെയ്യാതിരിക്കണമെന്ന് ഉപഭോക്താവിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള, അധികാരസ്ഥാനത്തിന്റെ രേഖാമൂലമുള്ള നോട്ടീസ് കിട്ടിയതിനുശേഷം ഉപഭോക്താവ് അപ്രകാരം ചെയ്യുന്നത് തുടരുന്നപക്ഷമോ, അഥവാ

(സി) വാട്ടർമീറ്ററോ ഏതെങ്കിലും കണക്ഷൻ പൈപ്പോ അഥവാ ലോഹ വളയമോ (ഫേറ്റ്യൂളോ) ഉപഭോക്താവ് കേടുവരുത്തുകയോ കേടുവരുത്താൻ ഇടയാക്കുകയോ ചെയ്യുകയാണെങ്കിലോ ; അഥവാ

(ഡി) ഏതെങ്കിലും പണി നടത്തുകയോ ഏതെങ്കിലും ഉപകരണം വയ്ക്കുകയോ നിക്കം ചെയ്യുകയോ അഥവാ ജലവിതരണം സംബന്ധിച്ച ഏതെങ്കിലും പരിശോധനയോ അന്വേഷണമോ നടത്തുകയോ ചെയ്യുന്ന ആവശ്യത്തിന് ആ പരിസരത്തിൽ പ്രവേശിക്കാൻ ഉദ്ദേശിക്കുന്ന ഇതിലേക്ക് യഥാവിധി അധികാരപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ ജീവനക്കാരനേയോ ഉപഭോക്താവ് പ്രവേശിക്കുന്നതിന് അനുവദിക്കാതിരിക്കുയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും പണി നടത്തുകയോ ഏതെങ്കിലും ഉപകരണം വയ്ക്കുകയോ നീക്കം ചെയ്യുകയോ അഥവാ അപ്രകാരമുള്ള പരിശോധനയോ അന്വേഷണമോ നടത്തുകയോ ചെയ്യുന്നതിൽ നിന്നും അപ്രകാരമുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനേയോ ജീവനക്കാരനേയോ തടയുകയോ ചെയ്യുന്ന പക്ഷമോ ;

(ഇ) പരിശോധന നടത്തുന്നതിലേക്കായി യഥാവിധി അധികാരപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനത്തിലെ ഒരു ഉദ്യോഗസ്ഥനോ ജീവനക്കാരനോ, സർവ്വീസ് പൈപ്പോ ഏതെങ്കിലും ടാപ്പോ അഥവാ അതുമായി ബന്ധപ്പെട്ട മറ്റു ഫിറ്റിംഗോ, യന്ത്രഭാഗമോ ജലം പാഴായിപ്പോകുകയോ അശുദ്ധമാകുകയോ ചെയ്യാൻ ഇടയാകത്തക്കവിധം കേടുപാട് തീർക്കാൻ പറ്റാത്തവിധത്തിലാണെന്നും അത് ഉടൻ തടയേണ്ടത് ആവശ്യമാണെന്നും പരിശോധനയിൽ കാണുന്നപക്ഷമോ ; അഥവാ

(എഫ്) ഈ ആക്റ്റിലെയോ അത് പ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ റഗുലേഷനുകളിലെയോ വ്യവസ്ഥകൾക്കു വിരുദ്ധമായി ഉപഭോക്താവ് സർവ്വീസ് പെപ്പോ ഏതെങ്കിലും ടാപ്പോ അഥവാ അതുമായി ബന്ധപ്പെട്ട മറ്റു ഫിറ്റിംഗോ യന്ത്രഭാഗമോ വയ്ക്കുകയോ നീക്കം ചെയ്യുകയോ അതിന്റെ കേടുപാടു തീർക്കുകയോ അഥവാ മറ്റു വിധത്തിൽ ഇടപെടുകയോ ചെയ്യാൻ ഇടയാക്കുകയോ അല്ലെങ്കിൽ ഇടയാക്കാൻ അനുവദിക്കുകയോ ചെയ്യുകയാണെങ്കിലോ ; അഥവാ

(ജി) സർവ്വീസ് പൈപ്പിലോ ഏതെങ്കിലും ടാപ്പിലോ മറ്റു ഫിറ്റിംഗിലോ, യന്ത്രഭാഗത്തിലോ ഉള്ള ചോർച്ച കാരണമായി പൊതുനിരത്തിന് കേടുപാടുകൾ ഉണ്ടാവുകയും ആയത് ഉടൻ തടയേണ്ടത് ആവശ്യമായിരിക്കുകയും ചെയ്യുന്ന പക്ഷമോ ജല വിതരണം വിച്ഛേദിക്കാവുന്നതാണ്.

(2) ഈ വകുപ്പ് പ്രകാരമോ അതനുസരിച്ചോ എടുത്ത യാതൊരു നടപടിയും ഒരാളെ മറ്റുവിധത്തിൽ അയാൾ വിധേയനാകുമായിരുന്ന ഏതെങ്കിലും പിഴയിൽ നിന്നോ ബാധ്യതയിൽ നിന്നോ വിമുക്തനാക്കുന്നതല്ല.

(3) റഗുലേഷനുകൾവഴി വ്യവസ്ഥ ചെയ്യപ്പെടാവുന്ന പ്രകാരമുള്ള ചാർജ്ജുകൾ നൽകുന്നതിന്മേലും അപ്രകാരമുള്ള നിബന്ധകളിന്മേലും, വ്യവസ്ഥകളിന്മേലും അധികാരസ്ഥാനത്തിന്, (1)-ാം ഉപവകുപ്പുപ്രകാരം വിച്ഛേദിക്കപ്പെട്ട ജലവിതരണം പുനഃസ്ഥാപിക്കാവുന്നതാണ്.

46. ചില പ്രവർത്തികളുടെ നിരോധനം.—(1) യാതൊരാളും,—

(എ) ഏതെങ്കിലും പണി നടത്തുന്നതിനായി അധികാരസ്ഥാനത്തിന്റെ ഉത്തരവ് പ്രകാരം പ്രവർത്തിക്കുന്ന ഏതെങ്കിലും ആളെ മനഃപൂർവ്വം തടസ്സപ്പെടുത്തുകയോ അഥവാ അപ്രകാരമുള്ള പണി ചെയ്യാനായി ഉറപ്പിച്ചിട്ടുള്ള ഏതെങ്കിലും തൂണോ, കുറ്റിയോ, താങ്ങോ (സ്റ്റേ) നിലംപതിപ്പിക്കുയോ നീക്കം ചെയ്യുകയോ അഥവാ അതേ ആവശ്യത്തിനായി ചെയ്തിട്ടുള്ള ഏതെങ്കിലും പണികൾ വികൃതമാക്കുകയോ, നശിപ്പിക്കുകയോ, ചെയ്യുകയോ ; അഥവാ

(ബി) അധികാരസ്ഥാനത്തിന്റെ വകയായുള്ള ഏതെങ്കിലും പൂട്ടോ, കോർക്കോ, വാൽവോ, പൈപ്പോ, മീറ്ററോ അല്ലെങ്കിൽ മറ്റു പണിയോ ഉപകരണമോ മനഃപൂർവ്വമായോ, ഉദാസീനകാരണമായോ പൊട്ടിക്കുകയോ, കേടുവരുത്തുകയോ, തിരിച്ചുവയ്ക്കുകയോ, തുറന്നുവയ്ക്കുകയോ, അടയ്ക്കുകയോ, നിറുത്തുകയോ അല്ലെങ്കിൽ മറ്റുവിധത്തിൽ ഇടപെടുകയോ ചെയ്യുകയോ ; അഥവാ

(സി) അധികാരസ്ഥാനത്തിന്റെ വകയായുള്ള ഏതെങ്കിലും വാട്ടർ വർക്സിൽ നിന്നോ അഥവാ അങ്ങനെ ജലവിതരണം നടത്തുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും ജലമാർഗ്ഗത്തിൽ നിന്നോ ഉള്ള ജലത്തിന്റെ ഒഴുക്ക് നിയമവിരുദ്ധമായി തടസ്സപ്പെടുത്തുകയോ അഥവാ അങ്ങനെയുള്ള ജലം ഒഴുക്കികളയുകയോ, വലിച്ചെടുക്കുകയോ, തിരിച്ചുവിടുകയോ അഥവാ എടുക്കുകയോ, ചെയ്യുകയോ ; അഥവാ

(ഡി) ഈ അദ്ധ്യായപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ മറ്റു ജീവനക്കാരനേയോ

തടസ്സപ്പെടുത്തുകയോ അഥവാ ഏതെങ്കിലും വാട്ടർ വർക്സിനെ സംബന്ധിച്ച് അതിൻ പ്രകാരമുള്ള ഏതെങ്കിലും പ്രവേശനമോ മേലന്വേഷണമോ, പരിശോധനയോ അന്വേഷണമോ നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ അയാൾക്ക് നൽകാൻ വിസമ്മതിക്കുകയോ അഥവാ മനഃപൂർവ്വം ഉപേക്ഷ കാണിക്കുകയോ ചെയ്യുകയോ ; അഥവാ

(ഇ) ഏതെങ്കിലും വാട്ടർ വർക്സിനകത്തോ അതിലോ അതിനുമുകളിലോ കുളിക്കുകയോ അഥവാ അതിൽ ഏതെങ്കിലും മൃഗത്തെ കുളിപ്പിക്കുകയോ വിടുകയോ പ്രവേശിപ്പിക്കുകയോ, അഥവാ ഏതെങ്കിലും വാട്ടർ വർക്സിൽ ഏതെങ്കിലും ചവറോ, അഴുക്കോ, ചേറോ വലിച്ചെറിയുകയോ അഥവാ അതിൽ ഏതെങ്കിലും വസ്ത്രമോ, കമ്പിളിയോ, തുകലോ, ഏതെങ്കിലും മൃഗചർമ്മമോ കഴുകുകയോ വൃത്തിയാക്കുകയോ ചെയ്യുകയോ അഥവാ ഏതെങ്കിലും അഴുക്ക് വെള്ളത്തൊട്ടിയിലെയോ, ഓടയിലെയോ അഥവാ ഏതെങ്കിലും ആവിയന്ത്രത്തിൽ നിന്നോ ബോയിലറിൽ നിന്നോ ഉള്ളതോ ആയ ഏതെങ്കിലും മലിനജലമോ ഏതെങ്കിലും വാട്ടർവർക്സിലേക്ക് തിരിച്ചുവിടാനോ ഇടയാക്കുകയോ അഥവാ, ഏതെങ്കിലും വാട്ടർവർക്സിലെ ജലം മലിനമാക്കുന്നതോ മലിനമാകുന്നതിന് സാധ്യതയുള്ളതോ ആയ മറ്റേതെങ്കിലും പ്രവർത്തി ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) ഒരു ഉപഭോക്താവിന്റെ പരിസരത്തിലേക്ക് ജലം നൽകുന്ന സർവ്വീസ് പൈപ്പിന്മേൽ ഉറപ്പിച്ചിട്ടുള്ള സ്റ്റോക്ക്കോക്ക് അടയ്ക്കുന്ന ഒരു ഉപഭോക്താവിന്, മറ്റ് ഏത് ഉപഭോക്താവിന്റെ ജലവിതരണമാണോ അതുമൂലം ബാധിക്കപ്പെടാവുന്നത് അങ്ങനെയുള്ള മറ്റേതെങ്കിലും ഉപഭോക്താവിന്റെ സമ്മതം അയാൾ വാങ്ങിയിട്ടുള്ളിടത്തോളം കാലം (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിലെ യാതൊന്നും ബാധകമാകുന്നതല്ല.

## അദ്ധ്യായം VII

### അഴുക്കുചാൽ നിർമ്മാണം

47. അഴുക്കുചാൽ കണക്ഷൻ കിട്ടുന്നതിന് ഉടമസ്ഥനോ കൈവശക്കാരനോ ഉള്ള അവകാശം.—ഏതെങ്കിലും പരിസരത്തിന്റെ ഉടമസ്ഥനോ, കൈവശക്കാരനോ ആ പരിസരത്തിലെ മലിനജലം അധികാരസ്ഥാനത്തിന്റെ ഒരു അഴുക്കുചാലിൽ കളയാൻ അവകാശം ഉണ്ടായിരിക്കുന്നതും എന്നാൽ അപ്രകാരം ചെയ്യുന്നതിനുമുൻപായി അയാൾ—

(എ) അധികാരസ്ഥാനത്തിന്റെ രേഖാമൂലമുള്ള അനുവാദം വാങ്ങുകയും റഗുലേഷനുകൾ അനുസരിച്ചുള്ള കണക്ഷൻ ഫീസ് കൊടുക്കുകയും ;

(ബി) റഗുലേഷനുകൾ പ്രകാരം വ്യവസ്ഥ ചെയ്യാവുന്ന പ്രകാരമുള്ള മറ്റ് ഉപാധികൾ അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യണ്ടതും

ആകുന്നു.

** ** ** **

49. അഴുക്കുചാലുമായി ബന്ധിപ്പിക്കുന്നതിനുള്ള നിരോധനം.—യാതൊരാളും അധികാരസ്ഥാനത്തിന്റെ അനുവാദത്തോടുകൂടിയല്ലാതെ, അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും അഴുക്കുചാലുമായി ഏതെങ്കിലും, കണക്ഷനോ, സമ്പർക്കമോ ഉണ്ടാക്കുകയോ, ഉണ്ടാക്കാൻ ഇടയാക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

50. <u>അഴുക്കുചാലിനു മുകളിൽ കെട്ടിടങ്ങൾ മുതലായവ നിർമ്മിക്കുന്നതിനുള്ള നിരോധനം.</u>—(1) യാതൊരാളും അധികാരസ്ഥാനത്തിന്റെ അനുവാദം കൂടാതെ അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും അഴുക്കുചാലിനു മുകളിൽ ഏതെങ്കിലും സ്വകാര്യനിരത്തോ, കെട്ടിടമോ, ഭിത്തിയോ, വേലിയോ മറ്റ് നിർമ്മാണമോ നിർമ്മിക്കാൻ പാടുള്ളതല്ല.

(2) മേൽപ്പറഞ്ഞ പ്രകാരം ഏതെങ്കിലും അഴുക്കുചാലിനു മുകളിൽ അധികാരസ്ഥാനത്തിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ ഏതെങ്കിലും സ്വകാര്യനിരത്ത് നിർമ്മിക്കുകയോ അഥവാ ഏതെങ്കിലും കെട്ടിടമോ ഭിത്തിയോ വേലിയോ അഥവാ നിർമ്മാണമോ ഉണ്ടാക്കുകയോ ചെയ്താൽ, അധികാരസ്ഥാനത്തിന്, അത് നീക്കം ചെയ്യുകയോ അല്ലെങ്കിൽ അത് അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരം മറ്റുവിധത്തിൽ കൈകാര്യം ചെയ്യുകയോ ചെയ്യാവുന്നതാണ്.

(3) അപ്രകാരം ചെയ്യുന്നതിന് അധികാരസ്ഥാനത്തിന് ഉണ്ടാകുന്ന ചെലവുകൾ, അതതു സംഗതിപോലെ, സ്വകാര്യനിരത്തിന്റേയോ, കെട്ടിടത്തിന്റേയോ, വേലിയുടേയോ, ഭിത്തിയുടേയോ അല്ലെങ്കിൽ മറ്റു നിർമ്മാണത്തിന്റേയോ ഉടമസ്ഥനോ അഥവാ കുറ്റം ചെയ്യുന്ന ആളോ നൽകേണ്ടതും അത് ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ ചാർജ്ജുകളുടെ കുടിശ്ശിക പോലെ വസൂലാക്കേണ്ടതാണ്.

** ** ** **

52. <u>ന്യൂനതയുള്ളതെന്ന് വിശ്വസിക്കപ്പെടുന്ന അഴുക്കുചാൽ മുതലായവ പരിശോധിക്കുന്നതിനും പരീക്ഷണവിധേയമാക്കുന്നതിനുമുള്ള അധികാരം.</u>—(1) ഒരു സ്വകാര്യ അഴുക്കുചാലോ, അഴുക്കുവെള്ളക്കുഴിയോ പൊതുജനാരോഗ്യത്തിന് ഹാനികരമാകത്തക്കതോ അഥവാ പൊതുജനങ്ങൾക്ക് ഉപദ്രവകരമാകത്തക്കതോ ആയ സ്ഥിതിയിലാണെന്നോ, അഥവാ അധികാരസ്ഥാനത്തിന്റെ ഒരു അഴുക്കുചാലുമായി നേരിട്ടോ നേരിട്ടല്ലാതെയോ സമ്പർക്കമുള്ള ഒരു സ്വകാര്യ അഴുക്കുചാൽ അടിമണ്ണിലെ ജലമോ മണലോ മറ്റു പദാർത്ഥങ്ങളോ പ്രവേശിക്കത്തക്കവണ്ണം കേടുപാടുള്ളതാണെന്നോ, വിശ്വസിക്കാൻ കാരണമുണ്ടെന്ന് അധികാരസ്ഥാനത്തിന് തോന്നുന്നപക്ഷം അതിന് അതിന്റെ സ്ഥിതി പരിശോധിക്കാവുന്നതും ആ ആവശ്യത്തിനുവേണ്ടി “വാട്ടർ അണ്ടർ പ്രഷർ” വഴിയായുള്ള ഒരു പരീക്ഷണം അല്ലാതെയുള്ള ഏതെങ്കിലും പരീക്ഷണം നടത്താവുന്നതും ആവശ്യമെന്നു കരുതുന്ന പക്ഷം അതിന് തറ പിളർക്കാവുന്നതാണ്.

(2) അഴുക്കുചാലോ, അഴുക്കുവെള്ളക്കുഴിയോ ശരിയായ സ്ഥിതിയിലാണെന്ന് പരിശോധനയിൽ കാണുകയാണെങ്കിൽ, അധികാരസ്ഥാനം ആകുന്നത്ര വേഗത്തിൽ, അത് പിളർന്നതായ ഏതെങ്കിലും തറ പൂർവ്വസ്ഥിതിയിലാക്കേണ്ടതാണ്.

(3) അപ്രകാരം പരിശോധിച്ച അഴുക്കുചാലോ അഴുക്കുവെള്ളക്കുഴിയോ കേടുപാടുള്ളതാണെന്ന് കാണുന്നപക്ഷം അധികാരസ്ഥാനത്തിന്, ഉടൻതന്നെ അതിന്റെ പ്രവർത്തനം നിറുത്തുകയോ അല്ലെങ്കിൽ അധികാരസ്ഥാനത്തിന്റെ അഴുക്കുചാലുമായുള്ള അതിന്റെ കണക്ഷൻ വേർപെടുത്തുകയോ, അല്ലെങ്കിൽ അധികാരസ്ഥാനം നിർദ്ദേശിക്കുന്ന പ്രകാരവും അത് നിർദ്ദേശിക്കാവുന്ന സമയത്തിനുള്ളിലും പരിഹാര നടപടികൾ കൈക്കൊള്ളാൻ ഉടമസ്ഥനോടോ, കൈവശക്കാരനോടോ ആവശ്യപ്പെടുകയോ ചെയ്യാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും സംഗതിയിൽ അധികാരസ്ഥാനത്തിന് അതിനുണ്ടായ

ചെലവുകൾ, അതതു സംഗതിപോലെ, ഉടമസ്ഥനിൽനിന്നോ കൈവശക്കാരനിൽനിന്നോ, വസൂലാക്കാവുന്നതുമാണ്.

** ** ** **

60. പൊതുവായുള്ള പിഴ.—ഏതൊരാളാണോ ഈ ആക്റ്റ്മൂലമോ അല്ലെങ്കിൽ അതു പ്രകാരമുണ്ടാക്കിയ ഏതെങ്കിലും ചട്ടമോ റെഗുലേഷനുകളോമൂലമോ ഒരു പിഴ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും സംഗതിയിൽ ഈ ആക്റ്റിലെയോ അതുപ്രകാരമുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ റെഗുലേഷനിലെയോ വ്യവസ്ഥകൾ ലംഘിക്കുകയോ, അല്ലെങ്കിൽ ഈ ആക്റ്റോ, അതുപ്രകാരമുണ്ടാക്കിയ ഏതെങ്കിലും ചട്ടമോ, റഗുലേഷനോ പ്രകാരം പുറപ്പെടുവിക്കപ്പെട്ട ഏതെങ്കിലും നോട്ടീസോ, ഉത്തരവോ അഥവാ അർത്ഥനയോ അനുസരിച്ച് പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ആൾ, ആയിരം രൂപയോളം ആകാവുന്ന പിഴയും തുടർച്ചയായ വീഴ്ചയുടെയോ ലംഘനത്തിന്റെയോ സംഗതിയിൽ ആദ്യത്തെ കുറ്റസ്ഥാപനത്തിനു ശേഷം അപ്രകാരമുള്ള ലംഘനമോ വീഴ്ചയോ തുടരുന്ന ഒരോ ദിവസത്തേക്കും ഇരുപത്തിയഞ്ച് രൂപയോളം ആകാവുന്ന ഒരു അധിക പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

61. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റം ചെയ്യുന്ന ആൾ ഒരു കമ്പിനിയാണെങ്കിൽ, കമ്പിനിയും കുറ്റം ചെയ്ത സമയത്ത് അതിന്റെ ബിസിനസ് നടത്തുന്നതിൽ കമ്പനിയുടെ ചാർജ് ഉണ്ടായിരുന്ന ആളും കമ്പനിയോട് ഉത്തരവാദിത്വപ്പെട്ടിരുന്ന ആളുമായ ഏതൊരാളും, കുറ്റത്തിന് അപരാധിയായി കരുതപ്പെടുന്നതും, എതിരായി നടപടി എടുക്കപ്പെടാനും തദനുസരണം ശിക്ഷിക്കപ്പെടാനും വിധേയനായിരിക്കുന്നതുമാണ് :

എന്നാൽ, അപ്രകാരമുള്ള ഏതെങ്കിലും ആൾ, അയാളുടെ അറിവ് കൂടാതെയാണ് ആ കുറ്റം ചെയ്തതെന്നോ അഥവാ അപ്രകാരമുള്ള കുറ്റം ചെയ്യുന്നത് തടയുവാൻ താൻ എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ തെളിയിക്കുന്നപക്ഷം, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും അയാളെ ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും കുറ്റം ചെയ്തത് കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടേയോ മാനേജരുടെയോ സെക്രട്ടറിയുടെയോ അഥവാ മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടുകൂടിയോ, മൗനാനുവാദത്തോടുകൂടിയോ ആണെന്നോ അല്ലെങ്കിൽ ആ കുറ്റം അവരിൽ ഏതെങ്കിലും ആളുടെ ഭാഗത്തുള്ള ഉദാസീനതമൂലം ഉണ്ടായിട്ടുള്ളതാണെന്നോ തെളിയിക്കുകയും ചെയ്യപ്പെടുന്ന സംഗതിയിൽ, അപ്രകാരമുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ അഥവാ മറ്റ് ഉദ്യോഗസ്ഥനോ കുറ്റത്തിന് അപരാധിയായി കരുതപ്പെടേണ്ടതും എതിരായി നടപടി എടുക്കപ്പെടാനും തദനുസരണം ശിക്ഷിക്കപ്പെടാനും അയാൾ വിധേയനായിരിക്കുന്നതുമാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിന്—

(എ) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗയോഗമെന്ന് അർത്ഥമാകുന്നതും അതിൽ ഒരു കച്ചവടയോഗമോ അഥവാ വ്യക്തികളുടെ മറ്റു സംഘടനയോ ഉൾപ്പെടുന്നതും ;

(ബി) ഒരു കച്ചവടയോഗത്തെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ ആ കച്ചവട യോഗത്തിലെ പങ്കാളി എന്നർത്ഥമാകുന്നതും ആകുന്നു.

** ** ** **

64. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി, ഗസറ്റിൽ വിജ്ഞാപനംമൂലം, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം കൂടാതെയും അപ്രകാരമുള്ള ചട്ടങ്ങൾ താഴെപ്പറയുന്ന എല്ലാ കാര്യങ്ങൾക്കുമോ അഥവാ അവയിലേതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) അധികാരസ്ഥാനത്തിന്റെ, കരാർ അടിസ്ഥാത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻമാരും ജീവനക്കാരും അല്ലാത്ത ഉദ്യോഗസ്ഥൻമാരുടേയും ജീവനക്കാരുടേയും ശമ്പളവും അലവൻസുകളും, മറ്റ് സേവന വ്യവസ്ഥകളും ;

(ബി) 22-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻ കീഴിൽ അധികാരസ്ഥാനം ഫണ്ടുകൾ പ്രയോജനപ്പെടുത്തേണ്ട രീതി ;

(സി) തേയ്മാനം കാരണമുണ്ടാകുന്ന വിലയിടുവുസംബന്ധിച്ച കരുതൽ ധനം ഏർപ്പെടുത്തുകയും അത് ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ട രീതി ;

(ഡി) 29-ാം വകുപ്പ് 2-ാം ഉപവകുപ്പിൻ കീഴിൽ ആഡിറ്റർക്കുള്ള അധികാരങ്ങൾ ;

(ഇ) അധികാരസ്ഥാനത്തിന്റെ കണക്കുകൾ പ്രസിദ്ധപ്പെടുത്തേണ്ട രീതി ;

(എഫ്) 30-ാം വകുപ്പുപ്രകാരമുള്ള സർചാർജ് സംബന്ധിച്ച അപ്പീലിനുള്ള വ്യവസ്ഥ ഏതെങ്കിലുമുണ്ടെങ്കിൽ അതുൾപ്പെടെ, അങ്ങനെയുള്ള, സർചാർജ്ജ് സംബന്ധിച്ച നടപടിക്രമം ;

(ജി) 40-ാം വകുപ്പുപ്രകാരം തദ്ദേശ സമിതികളാലുള്ള അംശദാനങ്ങൾ എത്രത്തോളമെന്നുള്ളതും, അവ അപ്രകാരമുള്ള അംശദാനങ്ങൾ ചെയ്യേണ്ട രീതിയും ;

(എച്ച്) നിർണ്ണയിക്കപ്പെടേണ്ടതോ അഥവാ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് ഏതെങ്കിലും കാര്യം.

** ** ** **

65. റെഗുലേഷനുകൾ.—അധികാരസ്ഥാനത്തിന്, സർക്കാരിന്റെ മുൻ അംഗീകാരത്തോടുകൂടി അധികാരസ്ഥാനത്തിന്റെ കാര്യങ്ങളുടെ നിർവ്വഹണത്തിനായി ഈ ആക്റ്റിനും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്കും വിരുദ്ധമല്ലാത്ത റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം കൂടാതെയും, അപ്രകാരമുള്ള റെഗുലേഷനുകൾക്ക്, താഴെപ്പറയുന്ന എല്ലാകാര്യങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) അധികാരസ്ഥാനത്തിന്റെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും നടത്തുകയും ചെയ്യലും അപ്രകാരമുള്ള യോഗങ്ങൾ നടത്തേണ്ട സമയവും, സ്ഥലവും, അങ്ങനെയുള്ള യോഗങ്ങളിലെ കാര്യങ്ങളുടെ നടത്തിപ്പും അതിലേക്കുള്ള ക്വോറം ഉണ്ടാക്കുന്നതിന് ആവശ്യമായ ആളുകളുടെ എണ്ണവും ;

(ബി) അധികാരസ്ഥാനത്തിലെ ജീവനക്കാരുടെ അധികാരങ്ങളും കർത്തവ്യങ്ങളും ;

(സി) അധികാരസ്ഥാനത്തിലെ മുതലുകളുടെ മാനേജ്മെന്റ്;

(ഡി) അധികാരസ്ഥാനത്തിന് വേണ്ടി കരാറുകൾ ഉണ്ടാക്കലും മുതൽ സംബന്ധിച്ച ഉറപ്പുകൾ നൽകലും ;

(ഇ) ഏതെങ്കിലും സാമ്പത്തിക വർഷത്തിലെ, ആവർത്തകമോ അനാവർത്തകമോ ആയ ചെലവുകൾ 28-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഉള്ള സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താതെ തന്നെ അവ നേരിടുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നത് ഏത് പരിധിവരെ എന്നുള്ളത് ;

(എഫ്) അധികാരസ്ഥാനം കണക്കുകൾ സൂക്ഷിക്കുന്നതും കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റും ബാലൻസ് ഷീറ്റും തയ്യാറാക്കുന്നതും ;

(ജി) അധികാരസ്ഥാനത്തിന്റെ കർത്തവ്യങ്ങൾ നിറവേറ്റുന്നതിനുള്ള നടപടിക്രമം ;

(എച്ച്) ഗാർഹികാവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോവേണ്ടി ജലവിതരണം ചെയ്യുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും ;

(ഐ) മീറ്ററുകൾ സംസ്ഥാപനം ചെയ്യുകയോ അവയുടെ കണക്ഷൻ മാറ്റുകയോ ചെയ്യലും അവയുടെ ഉപയോഗവും സൂക്ഷിപ്പും പരിശോധനയും, അവ ഡിസ്കണക്റ്റ് ചെയ്യലും, അവ വീണ്ടും കണക്റ്റ് ചെയ്യലും ഉപഭോക്താവ് ജാമ്യത്തുക നൽകുന്നതുൾപ്പെടെ, അവ സംബന്ധിച്ചുള്ള ഫീസും, വാടകയും മറ്റ് ചാർജുകളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും ;

(ജെ) അധികാരസ്ഥാനത്തിന്റെ ഒരു അഴുക്കുചാലുമായുള്ള കണക്ഷനുവേണ്ടി കൊടുക്കേണ്ടതായ ഫീസിനും അപ്രകാരമുള്ള കണക്ഷനുകൾ നൽകുന്നതിനുള്ള മറ്റു നിബന്ധനകളും ഉപാധികളും ;

(കെ) റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യേണ്ടതോ ചെയ്യാവുന്നതോ ആയ മറ്റ് ഏതെങ്കിലും കാര്യം.

** ** ** **